# അക്ഷരദീപം

## (അക്കാദമിക് മാസ്റ്റർ പ്ലാൻ)

**എ.എം.എൽ.പി. സ്കൂൾ നൂറാംതോട്**

**സ്ഥാപിതം: 1979 സെപ്തംബർ 11**

**താമരശ്ശേരി ഉപജില്ല, കോഴിക്കോട് ജില്ല**

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുകയും മികവിന്റെ കേന്ദ്രങ്ങളാക്കുകയും ചെയ്യുക എന്നുള്ളതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുവായി ലക്ഷ്യമിടുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുകയും ഓരോ കുട്ടിയും ഓരോ യൂണിറ്റായി പരിഗണിക്കുകയും കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ചു സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യേണ്ടതുമുണ്ട്. നിലവിൽ അക്കാദമിക മുന്നേറ്റത്തിന് കൂടുതൽ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ഒരു ശാസ്ത്രീയമായ മുന്നൊരുക്കത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സുപ്രധാന പങ്ക് വഹിക്കുന്നു.

ഓരോ വിദ്യാർഥിയും പ്രതിഭകളാണ്. അതുകൊണ്ടുതന്നെ ഓരോരുത്തരുടെയും തനതുശേഷികൾ കണ്ടെത്തി വികസിപ്പിച്ചെടുക്കേണ്ടത് അനിവാര്യമാണ്. അതിനുവേണ്ടി ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കുകയും അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്നതലത്തിൽ എത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമേ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളെയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഇങ്ങനെ ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക് വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ രേഖയാണിത്. അക്കാദമിക് ആവശ്യം കണക്കിലെടുത്തുകൊണ്ട് നവീകരിക്കപ്പെടുന്നതായിരിക്കും.

ഹെഡ്മാസ്റ്റർ , സീനിയർ ടീച്ചർ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ., എം.പി.ടി.എ. സ്ക്കൂൾ മാനേജ്മെന്റ് കമ്മിറ്റി അധ്യക്ഷന്മാർ എന്നിവർ കൂടിയിരുന്ന് ചർച്ചചെയ്തു മാറ്റങ്ങൾ വരുത്താവുന്നതാണ്. ബോധനരീതി മുൻവർഷത്തെ പോലെ തുടർന്നുപോവുകയാണെങ്കിൽ ഒരു സമൂഹം പ്രതീക്ഷിക്കുന്ന മൂല്യങ്ങളും നിലപാടുകളും അറിവിന്റെ പ്രയോ

ഗശേഷിയും പ്രതികരണശേഷിയും പെരുമാറ്റരീതികളും കുട്ടികൾക്ക് ആർജ്ജിച്ചെടുക്കാൻ സാധിക്കുന്നുവോ എന്ന് പരിശോധിക്കേണ്ടതുണ്ട്. വിദ്യാലയത്തെ സാമൂഹിക സ്ഥാപനമാക്കി എങ്ങനെ മാറ്റാം, അതിനു വേണ്ടി എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാം എന്നിങ്ങനെയുള്ള വ്യക്തമായ കാഴ്ചപ്പാട് ഒരു അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ലഭിക്കണം.

## പൊതുലക്ഷ്യങ്ങൾ

* വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും പ്രസ്തുത ക്ലാസിൽ നിന്ന് ലഭിക്കണം പഠനശേഷികൾ ലഭിച്ചു എന്ന് ഉറപ്പ്വരുത്തുക.
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ചു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
* കുട്ടികളെ അവരുടെ അക്കാദമിക - മാനസിക നിലവാരമനുസരിച്ച് ടാലന്റ് ലാബ്, പിന്നോക്ക ഗ്രൂപ്പ്, ഭിന്നശേഷിക്കാർ, എന്നിങ്ങനെ തരംതിരിച്ച് പരിശീലനങ്ങൾ നൽകുക.
* സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിന്റെ പുരോഗമനം ഉറപ്പാക്കുക.
* പൂർവ്വ വിദ്യാർഥി കൂട്ടായ്മ രൂപീകരിക്കുകയും അവരിൽ പ്രതിഭാശാലികളെ ഉപയോഗിച്ച്കൊണ്ട് പ്രതിഭകളെ പോഷിപ്പിക്കുകയും സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി അവരുടെ സേവനം ഉറപ്പു വരുത്തുന്നു. പലേ മറ്റ് മത്സരപരീക്ഷകൾക്ക് സജ്ജരാക്കൽ.

# ഉള്ളടക്കം


| | | |
|---|---|---|
| ❖ | വിദ്യാലയ ചരിത്രം | 5 |
| ❖ | സ്കൂൾ അടിസ്ഥാന വിവരങ്ങൾ | 8 |
| ❖ | നിജസ്ഥിതി വിശകലനം | 9 |
| ❖ | പദ്ധതി രൂപീകരണ പ്രക്രിയ | 10 |
| ❖ | അക്ഷരത്തിളക്കം | 11 |
| ❖ | മൈ വേർഡ്സ് | 16 |
| ❖ | അൽ ഫറാശ: | 23 |
| ❖ | ഗണിതം മധുരം | 26 |
| ❖ | കൊച്ചുകൊച്ചു പരീക്ഷണങ്ങളിലൂടെ | 32 |
| ❖ | പ്രവൃത്തി പഠനം | 36 |
| ❖ | കലാ-കായികം | 43 |
| ❖ | ഹരിത പരിസരം | 46 |
| ❖ | ക്ലാസ് ലൈബ്രറി | 48 |
| ❖ | ദിനാചരണങ്ങൾ | 50 |
| ❖ | ടാലന്റ് ലാബ് | 53 |
| ❖ | കൈത്താങ്ങ് | 55 |
| ❖ | തണൽ | 56 |
| ❖ | ഒപ്പം ഒപ്പത്തിനൊപ്പം | 58 |
| ❖ | നൂതന ആശയങ്ങൾ | 61 |
| ❖ | ഒരുമ | 63 |
| ❖ | സ്കൂൾ വികസനസമിതി | 71 |

# വിദ്യാലയ ചരിത്രം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കോടഞ്ചേരി പഞ്ചായത്തിന്റെ വടക്കു കിഴക്കേ അറ്റത്തുള്ളതും മൂന്നുഭാഗവും മലയാൽ ചുറ്റപ്പെട്ടതും ഗതാഗത യോഗ്യമല്ലാത്തതുമായ ഒറ്റപ്പെട്ട നൂറാംതോടിലേയും സമീപപ്രദേശത്തുള്ളതുമായ കുടിയേറ്റ കർഷകരുടെയും മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കൃഷിക്കും മരപ്പണിക്കും വന്ന് ഇവിടെ കുടുംബമായി താമസിക്കുന്നവരുടെ മക്കൾക്കും പ്രൈമറി വിദ്യാഭ്യാസത്തിനു പോലും വളരെയധികം ദൂരം കാൽനടയായി സഞ്ചരിച്ചു വേണമായിരുന്നു എത്താൻ. മഴപെയ്താൽ ഇവിടെ നിന്നും പോവുക അസാധ്യമായിരുന്നു.

ഇക്കാരണങ്ങൾ കൊണ്ടെല്ലാം അസ്വസ്തരായ ജനങ്ങളെ വളരെക്കാലം ചിന്തിച്ചും പ്രയോഗിച്ചും ഇതിൽ നിന്നും രക്ഷപ്പെടുവാൻ 1978 മുതൽ തന്നെ ഇറങ്ങിത്തിരിച്ചു. അക്കാലത്ത് ഇത്തരം ഒരു സംരംഭത്തിന് ഇറങ്ങിത്തിരിച്ച മുസ്ലിം സമുദായത്തിന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. സി.എച്ച്. മുഹമ്മദ്കോയയുടെ സഹായ - സഹകരണങ്ങൾ ലഭിക്കാൻ ഇടയായത്.  ഇതിന്നായി അനവരതം പ്രയത്നിച്ച ശ്രീ. വി. മുഹമ്മദ്, ശ്രീ. എം.എം. അബു, ശ്രീ. പി.പി. ജോയ് , ശ്രീ. ആലി ഹസൻ എന്നിവരെയും മറ്റു പലരേയും വിസ്മരിക്കാൻ കഴിയില്ല.

താമരശ്ശേരി ഉപജില്ലയിൽ 1979ൽ അനുവദിച്ച നാല് LP സ്കൂളുകളിൽ ഒന്നാണ് നൂറാംതോട് എ.എം.എൽ.പി. സ്കൂൾ. G.O (ms)88/79Gen Edn dt. 02/06/1979 "F" Department പ്രകാരം അന്നത്തെ IIS കമ്മിറ്റി പ്രസിഡണ്ടും സർവ്വസമ്മതനുമായ ശ്രീ. വടക്കെയിൽ മുഹമ്മദിന് അനുവദിച്ച സ്കൂൾ ആദ്യമായി നൂറാംതോട് സബീലുൽ ഹുദാ മദ്റസ കെട്ടിടത്തിലായിരുന്ന ശ്രീ. വട്ടോളി അബ്ദുറഹ്മാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തതാണ് ആദ്യ വർഷം തുടങ്ങിയത്. കുഴിയിൽ ഹസൻ മകൻ സുൽഫീക്കർ ആദ്യമായി ചേർന്ന ആൺകുട്ടിയും കുഴിയിൽ ഹസൻ മകൾ അസ്മാബി ആദ്യമായി ചേർന്ന പെൺകുട്ടിയുമാണ്. ആദ്യവർഷം തന്നെ നൂറിലധികം അഡ്മിഷൻ ലഭിച്ച സ്കൂളിൽ മൂന്ന് ഡിവിഷൻ തന്നെ നടത്താൻ കഴിഞ്ഞു.

സമീപ പ്രദേശങ്ങളിൽ അൺഎയ്ഡഡ് സ്കൂളുകൾ LP സ്കൂളുകൾ എന്നിവ വന്നതോടെ വിദ്യാർഥികൾ ഗണ്യമായി കുറഞ്ഞിരുന്നു. എന്നാൽ അടുത്തവർഷങ്ങളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചതോടെ വിദ്യാർഥികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായി. ഇപ്പോൾ 8 അധ്യാപകരും 132 കുട്ടികളുമാണ് ഉള്ളത്. ഒന്നു മുതൽ മൂന്ന് വരെ ഇംഗ്ലീഷ്, മലയാളം മീഡിയവും നാലാം ക്ലാസിൽ മീഡിയവും പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള 132 കുട്ടികളിൽ മൂന്നിലൊന്ന് കുട്ടികളും ആദിവാസി -പിന്നോക്ക വിഭാഗക്കാരാണ്. പഞ്ചായത്തിൽ തന്നെ ഏറ്റവും കൂടുതൽ ഗോത്രവർഗ്ഗ വിഭാഗങ്ങളുള്ള സ്കൂൾ ആയി അറിയപ്പെടുന്നു. തുടക്കത്തിൽ വളരെയധികം പിന്നോക്കം നിന്നിരുന്ന ഈ വിഭാഗം കുട്ടികൾ ഇപ്പോൾ സ്കൂളിൽ വരുന്ന കാര്യത്തിലും പാഠ്യ-പാഠ്യേതര പരിപാടികളിലും മികച്ചു നിൽക്കുന്നുവെന്നത് പറയാവുന്ന നേട്ടമാണ്. വട്ടച്ചിറ കോളനി, കരിമ്പിൽ കോളനി, കോലിക്കുന്ന് കോളനി, ചെമ്പിലി കോളനി, വെള്ളംകുന്ന് കോളനി എന്നിവിടങ്ങളിലെയെല്ലാം മുഴുവൻ വിദ്യാർഥികളും ഈ വിദ്യാലയത്തിലെ ആശ്രിതരാണ്.

ആദ്യമായി സ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയി കടന്നുവന്ന ശ്രീമതി. ടി.ജെ. അന്നമ്മയുടെ വരവോടെ ചട്ടപ്രകാരമാവുകയും ഒരേ ദിവസം തന്നെ കടന്നുവന്ന ശ്രീമതി. മറിയം ബീവി പി.എം. അറബി ഭാഷാ പഠനത്തിന് തുടക്കം കുറിക്കുകയും ചെയ്തു. പിന്നീട് ശ്രീ. പി. മോഹനൻ, ശ്രീ. കെ. വിശ്വനാഥൻ, ശ്രീ. മമ്മദ്, ശ്രീമതി. എം. ശാന്ത, ശ്രീ. എൻ. ബാലൻ, ശ്രീ. പി.കെ. മുകുന്ദൻ, ശ്രീ. പി.ജെ. ജോസ് എന്നിവരുടെയെല്ലാം സേവനം ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകമായിട്ടുണ്ട്. നിലവിൽ ശ്രീമതി നഫീസ വി. ഹെഡ്മിസ്ട്രസ്സും ശ്രീമതി. സൂസൻ പി.പി., ശ്രീ. എ. അബ്ദുന്നാസർ, ശ്രീമതി ഫാത്തിമത്തുന്നജ്മ, ശ്രീ. ഫസലു റഹ്മാൻ, ശ്രീമതി. റൈഷ പി.പി, ശ്രീമതി. ബിൻസി, ശ്രീമതി റുബീന എന്നിവർ സഹ അധ്യാപകരായും സേവനം ചെയ്യുന്നു.

ശ്രീ. കല്ലിങ്കൽ ജോർജ്ജിന്റെ നേതൃത്വത്തിൽ പി.ടി.എ. കമ്മിറ്റി 1980 - 81 വർഷം ആരംഭിച്ചു. തുടർന്ന് ശ്രീ. മുണ്ടക്കൽ ജോൺ, ശ്രീ. അബൂബക്കർ മാസ്റ്റർ, ശ്രീ. തോമസ് കുറ്റുപുവത്തിങ്കൽ, ശ്രീ. ജോസഫ്, ശ്രീ. പി.എ. ജോയ്, ശ്രീ. കുന്നത്ത് അബു, ശ്രീ. മോഹനൻ തിനവിള, ശ്രീ. സലാം പി.സി., ശ്രീ. സലാം വയലിലകത്ത്, ശ്രീ. ബഷീർ, ശ്രീ. മൊയ്തീൻകുട്ടി, ശ്രീ. മൊയ്തീൻ, ശ്രീ. ഷമീർ അമ്പലക്കളപ്പുരക്കൽ തുടങ്ങി പി.ടി.എ. പ്രസിഡണ്ടുമാർ സേവനമനുഷ്ടിച്ചു. ശ്രീ. ഹക്കീം മണ്ണാറോഡാണ് ഇപ്പോഴത്തെ പി.ടി.എ. പ്രസിഡണ്ടായി പ്രവർത്തിച്ചുവരുന്നത്. ശ്രീമതി അന്നമ്മ തോമസിന്റെ നേതൃത്വത്തിൽ എം.പി.ടി.എ. കമ്മിറ്റി

ആരംഭിച്ചു. നിലവിൽ ശ്രീമതി. ഫൗസിയ തേക്കിൽ പ്രസിഡണ്ടായി പ്രവർത്തിച്ചുവരുന്നു. പി.ടി.എ., എം.പി.ടി.എ.യുടെയും നാട്ടുകാരുടെയും ഭാഗത്തുനിന്ന് സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് വളരെ പിന്തുണ നൽകുന്നുണ്ട്.

പല പാഠ്യ-പാഠ്യേതര പരിപാടികളിലും ഈ വിദ്യാലയം പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. LSS. പരീക്ഷകൾ മറ്റു മത്സര പരീക്ഷകൾ തുടങ്ങിയവയിൽ പങ്കെടുപ്പിക്കുകയും വിജയം കരസ്തമാക്കുകയും ചെയ്തിട്ടുണ്ട്. പാഠ്യ വിഷയങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിലൂടെ പാഠ്യേതര പ്രവർത്തനങ്ങളായി വിദ്യാരംഗം, ബാലസഭ, കായിക മേള, കലാ മേള, പഠന യാത്ര, ദിനാചരണങ്ങൾ, ആഘോഷങ്ങൾ, വാർഷികം എന്നിവയ്ക്കും പ്രാധാന്യം കൊടുത്തു പ്രവർത്തിക്കുന്നു. ലോവർ പ്രൈമറി വിദ്യാഭ്യാസമുള്ളവർ പോലും അംഗുലീപരിമിതമായിരുന്ന ഈ പ്രദേശത്ത് അക്ഷരജ്ഞാനത്തിന്റെ വിശാല ലോകം തുറക്കുന്നതിനും ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ അപ്പർ പ്രൈമറിയായി ഉയർത്തുന്നതിനും അതുവഴി ഈ സ്ഥാപനത്തെ നാടിന്റെ പുരോഗതിയിലെ ഒരു നാഴികക്കല്ലായി മാറ്റുന്നതിനുമുള്ള പ്രതീക്ഷയിലും ഒരുക്കത്തിലുമാണ് ഈ പ്രദേശത്തെ ജനങ്ങളും വിദ്യാലയ അധികൃതരും.

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ.എം.എൽ.പി. സ്കൂൾ, നൂറാംതോട് |
| സബ്ജില്ല | : | താമരശ്ശേരി |
| ബി.ആർ.സി. | : | കൊടുവള്ളി |
| സി.ആർ.സി | : | ചെമ്പുകടവ് |
| പഞ്ചായത്ത് | : | കോടഞ്ചേരി |
| ബ്ലോക്ക് | : | കുന്നമംഗലം |
| താലൂക്ക് | : | താമരശ്ശേരി |
| ജില്ല | : | കോഴിക്കോട് |
| ഫോൺ | : | 9497694168, 9946305006 |
| ഇ.മെയ്ൽ | : | amlpschoolnt@gmail.com |

**ഉപമേഖല: മലയാളം**

# അക്ഷരത്തിളക്കം

കുട്ടികൾക്ക് വളരെ രസകരമായ ഒരു വിഷയമാണ് ഭാഷാപഠനം. മാതൃഭാഷയാണ് ബോധനമാധ്യമമായി ഉപയോഗിക്കുന്നത് എന്നതുകൊണ്ടുതന്നെ എളുപ്പം മനസ്സിലാക്കാനായി കഴിയുകയും ചെയ്യും. അതുകൊണ്ട് തന്നെ വിപുലമായ രീതിയിൽ പഠനാന്തരീക്ഷം ഒരുക്കുമ്പോൾ ഭാഷാപഠനം കൂടുതൽ ആസ്വാദ്യകരമാകുന്നു. രസകരമായ പ്രവർത്തനങ്ങളിലൂടെ ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'അക്ഷരത്തിളക്കം' എന്ന പദ്ധതി ഉൾപ്പെടുത്താൻ എസ്.ആർ.ജി. തീരുമാനിച്ചു. കൂടാതെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് ശ്രദ്ധ, ഒപ്പം ഒപ്പത്തിനൊപ്പം, മലയാളത്തിളക്കം എന്നീ പദ്ധതികളും ഉൾപെടുത്തി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ തീരുമാനമായി.

## ലക്ഷ്യങ്ങൾ:

* ശ്രവണം:- ശ്രദ്ധയോടെ കഥ കേൾക്കുന്നതിനും ഭാഷണശേഷി വർധിപ്പിക്കുന്നതിനും .
* കുട്ടിയെ മികച്ച വായനക്കാരനാക്കുക.
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| ശ്രവണം:- ശ്രദ്ധയോടെ കഥ കേൾക്കുന്നതിനും ഭാഷണശേഷി വർധിപ്പിക്കുന്നതിനും . | * ശബ്ദ വ്യതിയാനത്തോടെയും ആംഗ്യത്തോടെയും കഥ അവതരിപ്പിക്കുന്നു. വീഡിയോ ക്ലിപ്സുപയോഗിച്ച് കഥ, കവിത കേൾക്കാൻ അവസരം നൽകുന്നു.<br>* കുട്ടികൾക്ക് അവർക്കറിയാവുന്ന കഥാ-കവിത അവതരിപ്പിക്കൽ.<br>* ചിത്രങ്ങൾ അടങ്ങിയ ചാർട്ടുപയോഗിച്ച് കഥ പറയാൻ അവസരം നൽകൽ.<br>* ചിത്രത്തിലെ സന്ദർഭങ്ങൾ അനുസരിച്ച് കാണിക്കുന്നതിന് അവസരം നൽകൽ.<br>* ലേഖനം:- ചങ്ങാതി തത്തയിലെ അക്ഷരങ്ങളുപയോഗിച്ച് അക്ഷരക്കാർഡുകൾ ഉണ്ടാക്കുകയും ആ അക്ഷരങ്ങളുപയോഗിച്ച് വാക്കുകളുണ്ടാക്കുകയും ചെയ്യുന്നു. ഉണ്ടാക്കിയ വാക്കുകൾ കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, രക്ഷിതാക്കൾ / പ്രധാനാധ്യാപകൻ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * പ്രീ ടെസ്റ്റിലൂടെ ഭാഷയിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തൽ.<br>* അക്ഷരം ഉറപ്പിക്കൽ: അക്ഷരക്കാർഡുകൾ നൽകി അക്ഷരങ്ങൾ പരിചയപ്പെടു | 2018 ജൂൺ മുതൽ | ട്രെയിനിംഗ് ലഭിച്ച അധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | ത്തുകയും നിർദ്ദിഷ്ട അക്ഷരങ്ങൾ വായനക്കാർഡുകളിൽ നിന്ന് കണ്ടെത്തി എഴുതൽ.<br>* അടയാളം ഉറപ്പിക്കൽ: രണ്ടോ, മൂന്നോ വാക്യങ്ങളുള്ള വായനക്കാർഡ് നൽകി അതിൽ അതിൽ അക്ഷരങ്ങളല്ലാതെ കാണുന്നവയെ കുട്ടിലാക്കുക. ഇത് അക്ഷരത്തോട് ചേർന്ന് നിൽക്കുന്ന ചിഹ്നങ്ങളാണെന്ന മനസ്സിലാക്കുന്നു. അക്ഷരത്തോട് ചിഹ്നങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നു. തുടർന്ന് ആരെണ്ണമണിയിക്കാം പ്രവർത്തനം നൽകുന്നു.<br>* വാക്കുകൾ നിർമ്മിക്കൽ: അക്ഷരക്കാർഡുകളുപയോഗിച്ച് വാക്കുകൾ രൂപീകരിക്കൽ.<br>* വാക്യങ്ങൾ നിർമ്മിക്കൽ: വാക്കുകളടങ്ങിയ കാർഡുകൾ നൽകി വാക്യങ്ങൾ നിർമ്മിക്കാൻ അവസരം നൽകൽ.<br>* ചിത്രം അടിക്കുറിപ്പ്: ചിത്രം നൽകി അടിക്കുറിപ്പ് പറയാൻ അവസരം നൽകുന്നു. തുടർന്ന് എഴുതൽ. | 2025 ജൂൺ മുതൽ | എസ്.ആർ.ജി. കൺവീനർ / പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | * ചിത്രം നൽകി കഥ എഴുതൽ:<br>കഥാപുസ്തകം നൽകൽ, വായനാകുറിപ്പ് തയ്യാറാക്കൽ.<br>* ICTസാധ്യത ഉപയോഗിച്ച് ചിത്രം നൽകി വാക്യങ്ങളെഴുതൽ.<br>* ശ്രദ്ധ, മലയാളത്തിളക്കം, തുടർച്ച | 2018 ജൂൺ മുതൽ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക.<br>(വായനക്കളരി) | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* വായനാ മൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* വാതിൽപ്പുറ വായന സജ്ജമാക്കൽ<br>* പത്രവായന<br>* അമ്മവായന പ്രോത്സാഹിപ്പിക്കൽ<br>* വിദ്യാരംഗം കലാ-സാഹിത്യ വേദി. ക്ലാസ് സഭ ശാക്തീകരിക്കൽ.<br>* സ്കൂൾ വാണിക്ലബ്ബ്<br>* ഇ: വായന | 2018 ജൂൺ മുതൽ | ക്ലാസ് അധ്യാപകൻ<br>വിദ്യാരംഗം അധ്യാപകൻ,<br>ലൈബ്രേറിയൻ/<br>പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | * എഴുത്ത്കൂട്ട രൂപീകരണം: കുട്ടികളെ അഞ്ച് വീതം കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.<br>* സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം: ഓരോ ദിവസവും ഓരോ കുട്ടിയും എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം എഴുതണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.<br>* വായനാകുറിപ്പ് പതിപ്പ് നിർമ്മാണം<br>* ചുമർപത്രിക തയ്യാറാക്കൽ<br>* ഡയറിക്കുറിപ്പ്<br>* സർഗ്ഗസൃഷ്ടികൾ തയ്യാറാക്കൽ | 2025 ജൂൺ മുതൽ | ക്ലാസ് അധ്യാപകൻ<br>രക്ഷിതാക്കൾ / പ്രധാനാധ്യാപകൻ |

ഉപമേഖല: ഇംഗ്ലീഷ്

# MY WORDS

നാടും നഗരവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പിന്നാലെ പോകുന്ന സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിലും ഇംഗ്ലീഷ് ഭാഷ പരിപോഷണം അത്യന്താപേക്ഷിതമാണ്. ഇംഗ്ലീഷ് ധാരാളം കേട്ടാൽ മാത്രമേ അൽപം സംസാരിക്കാൻ കഴിയൂ എന്ന സത്യം മനസ്സിലാക്കി കുട്ടികൾക്ക് ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും ധാരാളം അവസരങ്ങൾ നൽകുക എന്നതാണ് പ്രധാനം. നമ്മുടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ ഈ അവസരം വേണ്ടത്ര ലഭിക്കാത്തതാണ് കുട്ടികൾ ഈ മേഖലയിൽ പിന്നോട്ടുപോകുന്നതിന് കാരണം. ഇത് തരണം ചെയ്യാൻ കഴിയാത്തിടത്തോളം കാലം ഈ നില തുടരുകതന്നെ ചെയ്യും. ഇതിന് പരിഹാരം കാണേണ്ടത് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് അനിവാര്യമാണ്.

## ലക്ഷ്യങ്ങൾ:

* ഇംഗ്ലീഷ് ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക.
* കുട്ടികളിൽ ഭാഷാസ്നേഹം വളർത്തൽ
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുക.
* നന്നായി വായിക്കാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും കുട്ടിക്ക് ലഭിക്കേണ്ട പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പാക്കുക.
* ഇംഗ്ലീഷ് ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സമീപനവും സ്നേഹവും വളർത്തിയെടുക്കൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | * എഴുത്ത്കൂട്ട രൂപീകരണം: കുട്ടികളെ അഞ്ച് വീതം കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.<br>* സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം: ഓരോ ദിവസവും ഓരോ കുട്ടിയും എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം എഴുതണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.<br>* വായനാകുറിപ്പ് പതിപ്പ് നിർമ്മാണം<br>* ചുമർപത്രിക തയ്യാറാക്കൽ<br>* ഡയറിക്കുറിപ്പ്<br>* സർഗ്ഗസൃഷ്ടികൾ തയ്യാറാക്കൽ | 2025 ജൂൺ മുതൽ | ക്ലാസ് അധ്യാപകൻ<br>രക്ഷിതാക്കൾ / പ്രധാനാധ്യാപകൻ |

| | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | 3-4 | 2025 ജൂൺ – മാർച്ച് |
| 2. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ഒരുക്കൽ<br>ജൂൺ – പരിസ്ഥിതി<br>– വായന ദിനം<br>– ബഷീർ ദിനം<br>ജൂലൈ – ചാന്ദ്ര ദിനം<br>ആഗസ്റ്റ് –സ്വാതന്ത്ര്യ ദിനം<br>സെപ്റ്റമ്പർ –ഓണം<br>ഒക്ടോബർ – ഗാന്ധി<br>നവംബർ –കേരളം<br>ഡിസംബർ –ക്രിസ്തുമസ്<br>ജനുവരി – ന്യൂഇയർ | | |
| | | ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | | |
| 3 | അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക്കഴിവ് വളർത്തുക | ഉച്ചഭാഷിണിയിലൂടെ ആഴ്ചയിൽഒരു ദിവസം (ബുധൻ)ഇംഗ്ലീഷ് ന്യൂസ് വായിക്കൽ | 3-4 | 2025 ജൂൺ – മാർച്ച് |

## ഇംഗ്ലീഷ് ഫെസ്റ്റ്

| | | | | |
|---|---|---|---|---|
| 8 | ഇംഗ്ലീഷ് നന്നായി പറയുവനുംഎഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ (ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്യുന്നതിൽആത്മ വിശ്വാസം ഉണ്ടാക്കൽ | വായന മത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി<br>മാർച്ച് | ക്ലാസ് അധ്യാപകർ<br>1-4 |

## പ്രവർത്തനങ്ങൾ:

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലിഷ് ബുക്സ് ഉൾപ്പെടുത്താം.
* ഇംഗ്ലീഷ് ഐഡന്റിറ്റി കാർഡ്സ്
* ഇംഗ്ലീഷ് ന്യൂസ് പേപ്പർ റീഡിംഗ്
* ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിലൊരിക്കൽ)
* ഇംഗ്ലീഷ് പ്ലക്കാർഡ്സ്, പോസ്റ്റേഴ്സ് ഇവ നിർമ്മിക്കുക
* ഇംഗ്ലീഷ് കയ്യെഴുത്ത് മാസിക
* ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക.
* ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം
* ഇംഗ്ലീഷ് അനായാസം സംസാരിക്കാനുള്ള പ്രത്യേക പിരശീലനം

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരങ്ങൾ ഉറപ്പിക്കൽ, അക്ഷരകാർഡുകൾ നിർമ്മിക്കാം, ICT സാധ്യത ഉപയോഗിച്ച് കഥകൾ, പാട്ടുകൾ എന്നിവ കേൾപ്പിക്കുകയും അതിലൂടെ അക്ഷരം ഉറപ്പിക്കുകയും ചെയ്യുക. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് ഐഡന്റിറ്റി കാർഡ്സ് | * ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളുടെ പേര്, ക്ലാസ്സ് , വിലാസം എന്നിവ എഴുതിയ ഐഡന്റിറ്റി കർഡ്സ് നൽകുന്നു. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ,"/ രക്ഷിതാക്കൾ/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് അസംബ്ലി | * ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| ഇംഗ്ലീഷ് ന്യൂസ് പേപ്പർ റീഡിംഗ് | * ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് പേപ്പർ ലഭ്യമാക്കുക. സ്കൂളിൽ ന്യൂസ് അവതരണസമയത്ത് വായിക്കാൻ അവസരം നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് പ്ലക്കാർഡ്സ്, പോസ്റ്റേഴ്സ് ഇവ നിർമ്മിക്കുക | * ഇംഗ്ലീഷ് പ്ലക്കാർഡുകളും പോസ്റ്ററുകളും നിർമ്മിക്കുക. സ്കൂൾ കോമ്പൗണ്ടിൽ പ്രദർശിപ്പിക്കുക. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം | * സ്കൂൾ തുറന്ന് അടുത്താഴ്ചയിൽ തന്നെ ക്ലബ്ബ് അംഗങ്ങളെ തെരഞ്ഞെടുക്കുക. അവരുടെ ചുമതലകൾ വീതിച്ചു നൽകുക.<br>* ഇംഗ്ലീഷ് ക്ലബ്ബ് വഴി words, meaning, spelling പഠിക്കാൻ അവസരം നൽകുക. | 2025 ജൂൺ ആരംഭം | ക്ലാസ്സ് അധ്യാപകൻ, / പ്രധാനാധ്യാപകൻ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഇംഗ്ലീഷ് കയ്യെഴുത്ത് മാസിക | * ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ എഴുതുന്ന മികച്ച രചനകൾ കണ്ടെത്തി ജനുവരി മാസത്തിൽ ഒരു കയ്യെഴുത്ത് മാസികയായി പൊതുവേദിയിൽ പ്രദർശിപ്പിക്കാം | ഒക്ടോബർ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് പ്ലക്കാർഡ്സ്, പോസ്റ്റേഴ്സ് ഇവ നിർമ്മിക്കുക | * ഇംഗ്ലീഷ് പ്ലക്കാർഡുകളും പോസ്റ്ററുകളും നിർമ്മിക്കുക. സ്കൂൾ കോമ്പൗണ്ടിൽ പ്രദർശിപ്പിക്കുക. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |
| ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക. | * പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ, വീഡിയോകൾ, കഥകൾ, കവിതകൾ എന്നിവ ICT സാധ്യത ഉപയോഗപ്പെടുത്തി കുട്ടികൾക്ക് കാണിച്ചു കൊടുക്കാം. ഇത് പാഠഭാഗം ലളിതമാക്കാൻ സഹായിക്കുന്നു. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, / പ്രധാനാധ്യാപകൻ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് ബുക്സ് ഉൾപ്പെടുത്താം. | * ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി നിർമ്മാണം, കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ബുക്കുകൾ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. വായന ഉറപ്പാക്കുന്നതിനായി വായിച്ച ബുക്കുകളെക്കുറിച്ച് ചെറിയ കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഒക്ടോബർ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്./ പി.ടി.എ., അധ്യാപകർ, വിദ്യാർഥികൾ, നാട്ടുകാർ/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് അനായാസം സംസാരിക്കാനുള്ള പ്രത്യേക പിരശീലനം | * പഠന നില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിധികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജുകൾ തയ്യാറാക്കൽ, ശേഖരിക്കൽ.<br>* ഇംഗ്ലീഷിലുള്ള അസംബ്ലി<br>* ആഴ്ചയിൽ ഒരു ഭാഷാ പരിപാടി (എല്ലാ ക്ലാസിലും)<br>* ഇംഗ്ലീഷ് അസംബ്ലിയിൽ സെൽഫ് ഇന്റ്രോഡക്ഷൻ | 2025 ഒക്ടോബർ ആദ്യ വാരം<br><br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ ഒരുദിവസം | ക്ലാസ്സ് അധ്യാപകൻ, എസ്.ആർ.ജി കൺവീനർ, / പി.ടി.എ / പ്രധാനാധ്യാപകൻ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| ഭാഷാ സ്നേഹം വളർത്തൽ | * വേർഡ് പിരമിഡ് നിർമ്മാണം.<br>* പിക്ചർ സ്റ്റോറി<br>* പിക്ചർ നൽകി വിവരണം തയ്യാറാക്കൽ.<br>* വേർഡ് കാർഡുകൾ നൽകി സെന്റൻസ് നിർമ്മിക്കൽ.<br>* റീഡിംഗ്കാർഡ് നിർമ്മാണം | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്/ പ്രധാനാധ്യാപകൻ |
| നിരന്തര മൂല്യനിർണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | * നിരന്തര മൂല്യ നിർണയത്തിന് കൂടുതൽ പ്രാധാന്യം നൽകി പഠന പുരോഗതി വിലയിരുത്തുകയും പഠനം നേടിയെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. ഇല്ലെങ്കിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, / പ്രധാനാധ്യാപകൻ |

ഉപമേഖല: അറബിഭാഷാപഠനം

# അൽ ഫറാശ:

**ആമുഖം**

വിദ്യാർഥികൾക്ക് ഏറെ ആകർഷകവും രസകരവുമായ ഒരു വിഷയമാണ് ഭാഷാപഠനം. ഏതൊരു വ്യക്തിക്കും മാതൃഭാഷയാണ് ബോധനമാധ്യമമായി ഉപയോഗിക്കുന്നത് എങ്കിലും ഓരോ ഭാഷക്കും അതിന്റേതായ ശൈലിയുണ്ട്. അതുകൊണ്ടുതന്നെ എളുപ്പം പഠിക്കുവാനും മനസ്സിലാക്കുവാനും കഴിയും. വിപുലമായ രീതിയിൽ പഠനാന്തരീക്ഷം ഒരുക്കുമ്പോൾ ഭാഷാപഠനം കൂടുതൽ ആസ്വാദ്യകരമാകുന്നു. രസകരമായ പ്രവർത്തനങ്ങളിലൂടെ ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'അൽ ഫറാശ' എന്ന പദ്ധതി ഉൾപ്പെടുത്താൻ എസ്.ആർ.ജി. തീരുമാനിച്ചു. കൂടാതെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് അക്ഷരക്കളരി എന്ന പദ്ധതിയിലൂടെ പരിഹാരം കാണാൻ തീരുമാനമായി.

**ലക്ഷ്യങ്ങൾ:**

* എല്ലാ കുട്ടികൾക്കും അറബിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* അറബി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.
* അറബി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തയെടുക്കുക.

**പ്രവർത്തനങ്ങൾ**

* അറബി പ്രശ്നോത്തരി
* നിരന്തര മൂല്യനിർണയം പുരോഗതി വിലയിരുത്തി ആസൂത്രണം
* ICT ഉപയോഗം കാര്യക്ഷമമാക്കൽ
* അറബി കലോത്സവം
* അറബി ക്ലബ്ബ് പ്രവർത്തനം
* അറബി വർക്ക്ഷീറ്റ് നിർമ്മാണം, പ്രവർത്തനം
* അറബി കയ്യെഴുത്ത് മാസിക
* ദിനാചരണങ്ങൾ അറബിയിൽ ക്ലാസ്തലം

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| അറബി പ്രശ്നോത്തരി | എല്ലാ വെള്ളിയാഴ്ചയും അറബി ക്വിസ് മത്സരം നടത്തി വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകുക. | 2025 ജൂൺ മുതൽ | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / പ്രധാനാധ്യാപകൻ |
| നിരന്തര മൂല്യനിർണ്ണയ പുരോഗതി ആസൂത്രണം | ഓരോ കുട്ടിയുടെയും പുരോഗതി വിലയിരുത്തി, ഇല്ലെങ്കിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | 2025 ജൂൺ മുതൽ | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / പ്രധാനാധ്യാപകൻ |
| ഐ.സി.ടി. ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ | പാഠ്യ-പാഠ്യേതര വിഷയങ്ങൾ ഐ.സി.ടി. സഹായത്തോടെ ലളിതമാക്കുകയും പ്രധാനപ്പെട്ടവ പി.പി.ടി. നൽകുകയും ചെയ്യുക. | 2025 ജൂൺ മുതൽ | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / പ്രധാനാധ്യാപകൻ |
| അറബി ക്ലബ്ബ് പ്രവർത്തനം | സ്കൂൾ ആരംഭ ആഴ്ചയിൽ അറബിക് ക്ലബ്ബിന്റെ പ്രവർത്തന പദ്ധതി തയ്യാറാക്കുക. | 2025 ജൂൺ മുതൽ | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / പ്രധാനാധ്യാപകൻ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലിഷ് ബുക്സ് ഉൾപ്പെടുത്താം. | * ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി നിർമ്മാണം, കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ബുക്കുകൾ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. വായന ഉറപ്പാക്കുന്നതിനായി വായിച്ച ബുക്കുകളെക്കുറിച്ച് ചെറിയ കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഒക്ടോബർ മുതൽ | ക്ലാസ്സ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ്ബ്./ പി.ടി.എ., അധ്യാപകർ, വിദ്യാർഥികൾ, നാട്ടുകാർ/ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷ് അനായാസം സംസാരിക്കാനുള്ള പ്രത്യേക പിരശീലനം | * പഠന നില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിധികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജുകൾ തയ്യാറാക്കൽ, ശേഖരിക്കൽ.<br>* ഇംഗ്ലീഷിലുള്ള അസംബ്ലി<br>* ആഴ്ചയിൽ ഒരു ഭാഷാ പരിപാടി (എല്ലാ ക്ലാസിലും)<br>* ഇംഗ്ലിഷ് അസംബ്ലിയിൽ സെൽഫ് ഇന്റ്രോഡക്ഷൻ | 2025 ഒക്ടോബർ ആദ്യ വാരം<br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ ഒരുദിവസം | ക്ലാസ്സ് അധ്യാപകൻ, എസ്. ആർ.ജി കൺവീനർ, / പി.ടി.എ / പ്രധാനാധ്യാപകൻ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| അറബി വർക്ക് ഷീറ്റ് നിർമ്മാണം / പ്രവർത്തനം | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ വർക്ക്ഷീറ്റുകൾ തയ്യാറാക്കുകയും ഓരോ ടേം പരീക്ഷക്ക് ശേഷം പിന്നോക്കക്കാർക്ക് പ്രത്യേകം വർക്ക്ഷീറ്റുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. | 2025 ജൂൺ മുതൽ | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / എസ്.ആർ.ജി |
| അറബിക് കയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപന്നങ്ങൾ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഒരു മികച്ച കയ്യെഴുത്ത് മാഗസിൻ ആക്കി തയ്യാറാക്കൽ | 2025 ജൂൺ മുതൽ ഫെബ്രുവരി | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / എസ്.ആർ.ജി |
| അറബി കലോത്സവം | പൊതു കലോത്സവങ്ങളിൽ അറബി കലോത്സവം പ്രത്യേകമായി സംഘടിപ്പിക്കുന്നു. | 2025 നവംബർ മുതൽ | അറബി അധ്യാപകൻ / അറബി ക്ലബ്ബ് / എസ്.ആർ.ജി |
| ദിനാചരണങ്ങൾ അറബിയിൽ സംഘടിപ്പിക്കൽ | ദിനാചരണങ്ങൾ അറബിയിൽ അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചു നടത്തുക. | 2025 ജൂൺ മുതൽ | |

ഉപമേഖല: ഗണിതം

# ഗണിതം മധുരം

**ആമുഖം**

സ്കൂൾ പഠന കാലത്ത് കുട്ടികൾക്ക് ഏറ്റവും വിഷമം അനുഭവിക്കുന്ന പാഠ്യവിഷയമാണ് ഗണിതം. കുട്ടികൾക്ക് രസകരമായ ജീവിത അനുഭവങ്ങൾ നൽകാൻ ഗണിത അധ്യാപകർക്ക് പലർക്കും കഴിയാത്തതാണ് ഇതിന് കാരണം. വിരസമായ ക്രിയകളുടെ ലോകത്ത് ഇഴകിച്ചേരാൻ കുട്ടികൾക്ക് കഴിയാറില്ല. വിരസമായ ക്ലാസ്മുറികൾ അവരെ ഗണിത പഠനത്തിൽ നിന്നും പിന്നോട്ട് വലിക്കുന്നു. ഇതിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഗണിതക്ലാസ് മുറികൾ രസകരവും വിജ്ഞാനപ്രദവും ആക്കുക എന്ന ലക്ഷ്യത്തോടെ 'ഗണിതം മധുരം' എന്ന സ്കൂൾ പദ്ധതിക്ക് തുടക്കം കുറിക്കാൻ എസ്.ആർ.ജി. യോഗം തീരുമാനിച്ചു.

**ലക്ഷ്യങ്ങൾ:**

* ഗണിത പഠനത്തിന് താൽപര്യം വളർത്താനും അവ ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റുന്നതിന്.
* ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകളുടെ തുക എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്നതിന്.
* ഗണിതപഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ.
* ആരോഹണ ക്രമത്തിലും അവരോഹണക്രമത്തിലും എഴുതൽ.
* സ്ഥാനവില മനസ്സിലാക്കൽ
* ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
* പഠനോപകരണ നിർമ്മാണ ശില്പശാല ഒരുക്കൽ.
* ഗണിതം ലളിതവും ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തിയെടുക്കൽ.
* ഗണിത പഠനത്തിൽ ICT സാധ്യത ഉപയോഗിക്കൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഗണിത പഠനത്തിന് താൽപര്യം വളർത്താനും അവ ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റുന്നതിന്. | * ചിത്രംവരച്ച് കളികളിൽ ഏർപ്പെട്ടും എണ്ണിയെടുത്തും അക്കങ്ങൾ പരിചയപ്പെടുത്തുകയും എഴുതുകയും ചെയ്യുന്നു.<br>* ഈർക്കിൾ, ബട്ടൺസ്, സ്ട്രോകൾ, തീപ്പെട്ടിക്കമ്പ് എന്നിവ ഉപയോഗിച്ച് സംഖ്യാകാർഡുമായി ബന്ധിപ്പിക്കുക.<br>* കളികളിലൂടെ എണ്ണിയെടുത്ത് വിജയിയെ കണ്ടെത്തുക. (കൊത്തങ്കല്ല് കളി, നൂറാം കോല് കളി, മൊച്ചിങ്ങ പെറുക്കൽ, മിഠായി പെറുക്കൽ)<br>* ക്ലാസ് മുറിയിലെ കസേരകൾക്കും ബെഞ്ചുകൾക്കും ക്രമമായി നമ്പർ നൽകൽ.<br>* ഡോമിനോ സെറ്റ നിർമ്മാണം.<br>* കളിനോട്ട് നിർമ്മാണം | 2025ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br><br>പി.ടി.എ<br><br>പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകളുടെ തുക എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്നതിന്. | * തീപ്പെട്ടിക്കൊള്ളും മറ്റും ഉപയോഗിച്ച് ഒന്നുകളുടെ കൂട്ടം ചേർത്ത് പത്തിന്റെ കൂട്ടങ്ങളാക്കി ക്രമീകരിക്കൽ.<br>* ചെറിയ മുത്തുകൾ ഉപയോഗിച്ച് സംഖ്യകളുടെ തുക കാണുന്നതിന്.<br>* ഡൈസ് കളി<br>* മുത്തുമാല ഉപയോഗിച്ച് തുക കാണുന്നതിന്<br>* അബാക്കസ് നിർമ്മാണം<br>* രക്ഷിതാക്കളെ ഉൾപ്പെടുത്തി പഠനോപകരണ നിർമ്മാണം.<br>* ശില്പശാല സംഘടിപ്പിക്കൽ.<br>* ഡൈസ് നിർമ്മാണം | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br><br>പി.ടി.എ<br><br>പ്രധാനാധ്യാപകൻ |
| * ഗണിത പഠനത്തിൽ ICT സാധ്യത ഉപയോഗിക്കൽ. | * ചതുഷ്ക്രിയകൾ പഠിക്കുമ്പോൾ അനുയോജ്യമായ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തൽ<br>* ഭാരം, സമയം, തിയ്യതി, മാസം എന്നിവ കണ്ടെത്തുന്നതിന് അനുയോജ്യമായ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തൽ | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br><br>സാമ്പത്തികമില്ല<br><br>പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഗണിതപഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ. | * ഗണിതപരമായ ആശയങ്ങൾ ഉറപ്പിക്കൽ, സംഖ്യാബോധം സംഖ്യാകളികൾ, സംഖ്യാ പാട്ട് എന്നിവയിലൂടെ സംഖ്യാ ബോധം വളർത്തൽ.<br>* ICT സാധ്യതകൾ ഉൾപ്പെടുത്തി ഗണിതക്രിയകൾ ചെയ്യൽ. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br>ഗണിത ക്ലബ്ബ്<br>സാമ്പത്തികമില്ല<br>പ്രധാനാധ്യാപകൻ |
| ആരോഹണ ക്രമത്തിലും അവരോഹണക്രമത്തിലും എഴുതൽ. | * വ്യത്യസ്ത വലുപ്പത്തിലുള്ള പേപ്പർ കാർഡുകൾ കുട്ടിയിട്ടിരിക്കുന്നു. അതിനെ കുട്ടികൾക്ക് ഇഷ്ടമുള്ള രീതിയിൽ ക്രമീകരിക്കൽ.<br>* സംഖ്യാകാർഡ് നിർമ്മാണം നടത്തി സംഖ്യകളെ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും എഴുതുക. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br>ഗണിത ക്ലബ്ബ്<br>സാമ്പത്തികമില്ല |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകളുടെ തുക എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്നതിന്. | * തീപ്പെട്ടിക്കൊള്ളും മറ്റും ഉപയോഗിച്ച് ഒന്നുകളുടെ കൂട്ടം ചേർത്ത് പത്തിന്റെ കൂട്ടങ്ങളാക്കി ക്രമീകരിക്കൽ.<br>* ചെറിയ മുത്തുകൾ ഉപയോഗിച്ച് സംഖ്യകളുടെ തുക കാണുന്നതിന്.<br>* ഡൈസ് കളി<br>* മുത്തുമാല ഉപയോഗിച്ച് തുക കാണുന്നതിന്<br>* അബാക്കസ് നിർമ്മാണം<br>* രക്ഷിതാക്കളെ ഉൾപ്പെടുത്തി പഠനോപകരണ നിർമ്മാണം.<br>* ശില്പശാല സംഘടിപ്പിക്കൽ.<br>* ഡൈസ് നിർമ്മാണം | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br><br>പി.ടി.എ<br><br>പ്രധാനാധ്യാപകൻ |
| * ഗണിത പഠനത്തിൽ ICT സാധ്യത ഉപയോഗിക്കൽ. | * ചതുഷ്ക്രിയകൾ പഠിക്കുമ്പോൾ അനുയോജ്യമായ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തൽ<br>* ഭാരം, സമയം, തിയ്യതി, മാസം എന്നിവ കണ്ടെത്തുന്നതിന് അനുയോജ്യമായ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തൽ | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br><br>സാമ്പത്തികമില്ല<br><br>പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഗണിതപഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ. | * ഗണിതപരമായ ആശയങ്ങൾ ഉറപ്പിക്കൽ, സംഖ്യാബോധം സംഖ്യാകളികൾ, സംഖ്യാ പാട്ട് എന്നിവയിലൂടെ സംഖ്യാ ബോധം വളർത്തൽ.<br>* ICT സാധ്യതകൾ ഉൾപ്പെടുത്തി ഗണിതക്രിയകൾ ചെയ്യൽ. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br>ഗണിത ക്ലബ്ബ്<br>സാമ്പത്തികമില്ല<br>പ്രധാനാധ്യാപകൻ |
| ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും എഴുതൽ. | * വ്യത്യസ്ത വലുപ്പത്തിലുള്ള പേപ്പർ കാർഡുകൾ കുട്ടിയിട്ടിരിക്കുന്നു. അതിനെ കുട്ടികൾക്ക് ഇഷ്ടമുള്ള രീതിയിൽ ക്രമീകരിക്കൽ.<br>* സംഖ്യാകാർഡ് നിർമ്മാണം നടത്തി സംഖ്യകളെ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും എഴുതുക. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ<br>ഗണിത ക്ലബ്ബ്<br>സാമ്പത്തികമില്ല |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| സ്ഥാനവില മനസ്സിലാക്കൽ | " അബാക്കസ് നിർമ്മാണം<br>" സ്ഥാനവില പോക്കറ്റ് | ആഗസ്ത് | ക്ലാസ്സ് അധ്യാപകൻ/ രക്ഷിതാക്കൾ/ പ്രധാനാധ്യാപകൻ |
| ഗണിതം ലളിതവും ആസ്വാദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തിയെടുക്കൽ. | * സംഖ്യാബോധം ഉറപ്പിക്കൽ (സംഖ്യാകാർഡ് ഉപയോഗിച്ച് വിവിധ കളികളിലൂടെ)<br>* സങ്കലനം, വ്യവകലനം, ഗുണനം എന്നീ വസ്തുതകളുമായി ബന്ധപ്പെട്ട് കുട്ടികളെ കളികളിലേർപ്പെടുത്തൽ (ICT സാധ്യത.)<br>* ഗണിത പ്രശ്നോത്തരി സംഘടിപ്പിക്കൽ (ബാലസഭകൾ, ക്ലാസ് സഭകൾ)<br>* ഗണിത ക്വിസ്സ് നടത്തൽ (മാസത്തിൽ ഒന്ന്)<br>* ക്ലബ്ബ് രൂപീകരണം<br>* ക്ലബ്ബ് പ്രവർത്തനങ്ങൾ വികസിപ്പിക്കൽ | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ, എസ്.ആർ.ജി. കൺവീനർ, ഗണിതക്ലബ്ബ് അധ്യാപകൻ/ സാമ്പത്തികമില്ല/ പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| * പഠനോപകരണ നിർമ്മാണ ശില്പശാല ഒരുക്കൽ. | * ഓരോ ക്ലാസിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>* പഠനോപകരണ നിർമ്മാണ വിദഗ്ധനെ കണ്ടെത്തൽ.<br>* ആവശ്യമായ വസ്തുക്കൾ ലിസ്റ്റ് ചെയ്യൽ, വാങ്ങൽ<br>* നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ<br>* നിർമ്മാണപ്രവർത്തനത്തിൽ അഭിരുചിയുള്ള പൂർവ്വവിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവരുടെ സഹായം ഉറപ്പു വരുത്തൽ | സെപ്തംബർ | ക്ലാസ്സ് അധ്യാപകൻ, എസ്.ആർ.ജി. കൺവീനർ/പഞ്ചായത്ത്, എസ്.എസ്.എ., പി.ടി.എ./പ്രധാനാധ്യപകൻ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * മഞ്ചാടി, മുത്ത്, കളർകട്ടകൾ മുതലായവ ഉപയോഗിച്ച് ചതുശ്ക്രിയകൾ ഉറപ്പിക്കുന്നു.<br>* സംഖ്യ കാർഡുകളും ICT സാധ്യതയും ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കുക. | 2025 ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകൻ |

**ഉപമേഖല: ശാസ്ത്രപഠനം**

# കൊച്ചു കൊച്ചു പരീക്ഷണങ്ങളിലൂടെ

**ആമുഖം**

ജൈവവൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾ തന്റെ ചുറ്റുപാടിൽ നിന്നാണ് അറിവ് ആർജ്ജിച്ചെടുക്കുന്നത്. ഇത്തരത്തിലുള്ള അറിവുകൾ പരിപോഷിപ്പിക്കുന്നതിന് ശാസ്ത്രപഠനം സഹായിക്കുന്നുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്ര പഠനം. അതുകൊണ്ടുതന്നെ വിപുലമായ പഠനാന്തരീക്ഷം ശാസ്ത്രപഠനത്തിനായി ഒരുക്കേണ്ടതുണ്ട്. ശാസ്ത്രീയവും സാമൂഹ്യവുമായ സമീപനത്തിൽ അധിഷ്ഠിതമായി ചുറ്റുപാടിനെ അറിയാനും അതിനുള്ള കഴിവുകൾ വികസിപ്പിക്കാനും ഉതകുന്ന രീതിയിൽ കുട്ടികളുടെ കഴിവുകൾ വർധിപ്പിക്കുന്നതിനും ഇത് പരിഹാരമായി.

**ലക്ഷ്യങ്ങൾ**

* ലോകോസ്റ്റ്, സീറോ കോസ്റ്റ് സാമഗ്രി ഉപയോഗിച്ചു ശാസ്ത്ര പാഠ്യപദ്ധതി വിനിമയം ചെയ്യൽ. കുട്ടികളിൽ ശാസ്ത്രപ്രക്രിയ ശേഷി പരിപോഷിപ്പിച്ച് കുട്ടിശാസ്ത്രജ്ഞന്മാരെ വളർത്തുക.
* തന്റെ ചുറ്റുപാടുകൾ നിരീക്ഷിച്ച് ശാസ്ത്രബോധമുള്ള കുട്ടികളെ വളർത്തിയെടുക്കൽ
* ഒന്നുമുതൽ നാല് വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ
* പൂന്തോട്ട നിർമ്മാണം, അടുക്കളത്തോട്ടം, ഔഷധത്തോട്ടം.
* ദിനാചരണങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ലോ കോ സ്റ്റ്, സീറോ കോസ്റ്റ് സാമഗ്രി ഉപയോഗിച്ചു ശാസ്ത്ര പാഠ്യപദ്ധതി വിനിമയം ചെയ്യൽ. കുട്ടികളിൽ ശാസ്ത്രപ്രക്രിയ ശേഷി പരിപോഷിപ്പിച്ച് കുട്ടിശാസ്ത്രജ്ഞരെ വളർത്തുക. | * പഠന വിശകലനം<br>* പരീക്ഷണം ലിസ്റ്റ് ചെയ്യൽ<br>* സാമഗ്രികൾ കണ്ടെത്തൽ<br>* പരീക്ഷണ വസ്തുക്കൾ ഉറവിടം കണ്ടെത്തൽ<br>* പരീക്ഷണ അവതരണം<br>* രേഖപ്പെടുത്തൽ<br>* സൂചകം തയ്യാറാക്കി വിലയിരുത്തൽ<br>* പട്ടിക അപഗ്രഥനം<br>* നിഗമനത്തിലെത്തൽ<br>* ജനകീയ ശാസ്ത്രോത്സവം (രക്ഷിതാക്കളുടെ മുന്നിൽ കുട്ടികൾ പരീക്ഷണം ചെയ്യൽ) | 2025 ജൂൺ മുതൽ | ക്ലാസ് അധ്യാപകൻ, എസ്. ആർ.ജി. കൺവീനർ, പരിസ്ഥിതി ക്ലബ്ബ് / പ്രധാനാധ്യാപകൻ |
| തന്റെ ചുറ്റുപാടുകൾ നിരീക്ഷിച്ച് ശാസ്ത്രബോധമുള്ള കുട്ടികളെ വളർത്തിയെടുക്കൽ | * സ്വന്തം വീട്: ചിത്രം വരയ്ക്കൽ (വരയിലെ കൃത്യത)<br>* ഫീൽഡ് ട്രിപ്പ്<br>* നിരീക്ഷണക്കുറിപ്പ് (സൂക്ഷ്മനിരീക്ഷണ പാടവം)<br>* വിലയിരുത്തൽ<br>* ICT ഉപയോഗം<br>* ഓരോ യൂണിറ്റുകൾക്കനുസരിച്ച് പുറംവാതിൽ പഠന സാധ്യത ഉറപ്പ് വരുത്തൽ | 2025 ജൂൺ മുതൽ | ക്ലാസ് അധ്യാപകൻ, എസ്. ആർ.ജി. കൺവീനർ, പരിസ്ഥിതി ക്ലബ്ബ് / പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| ഒന്നുമുതൽ നാല് വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ | * ഒന്നു മുതൽ നാല് വരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>* തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ,നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ. ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ. | ഒക്ടോബർ ആദ്യവാരം<br><br>ഒക്ടോബർ 20ന് മുമ്പ് | ക്ലാസ് അധ്യാപകൻ<br><br>ക്ലാസ് അധ്യാപകൻ / എസ്.ആർ.ജി. കൺവീനർ. |
| | * സാമഗ്രികൾ വാങ്ങൽ.<br>* പി. ടി. എ. യോഗത്തിൽ ശാസ്ത്ര മൂല സംബന്ധിച്ച അവതരണം. സാമഗ്രികളുടെ ശേഖരണം.<br>* പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷാകർത്താക്കൾ /എസ്.എസ്.ജി./ അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ.<br>* ശാസ്ത്രമൂലക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം. | ഒക്ടോബർ<br><br>ഡിസംബർ ആദ്യവാരം | പ്രധാന അധ്യാപകൻ /എസ്. ആർ.ജി. കൺവീനർ, /പി.ടി.എ.<br><br>പി.ടി.എ., പ്രധാന അധ്യാപകൻ/ സ്പോൺസർഷിപ്പ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | * അലൂമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര.<br>* സ്കൂൾ ലാബ് സജ്ജമാക്കൽ. ക്ലാസ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ പാഠം ഏത് ക്ലാസിന് ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ. | ഡിസംബർ | എസ്.ആർ. ജി., കൺവീനർ, പരിസ്ഥിതി ക്ലബ്ബ് / പി.ടി.എ. |
| | * പരീക്ഷണ ശില്പശാല<br>* ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങൽ. രക്ഷിതാക്കളെ വായിപ്പിക്കൽ. | ഡിസംബർ – ഫെബ്രുവരി | |
| പൂന്തോട്ട നിർമ്മാണം, അടുക്കളത്തോട്ടം, ഔഷധത്തോട്ടം | * കാർഷിക നടീൽ വസ്തുക്കളും പൂച്ചെടികളും ഔഷധച്ചെടികളും ശേഖരിച്ച് നട്ടു പിടിപ്പിക്കുക. | ജൂൺ മുതൽ | കാർഷിക ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, രക്ഷിതാക്കൾ |
| ദിനാചരണങ്ങൾ | * ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ പ്രദർശനം, യുദ്ധവിരുദ്ധറാലി, പ്രശ്നോത്തരികൾ, ചിത്രപ്രദർശനം, പ്ലകാർഡ് നിർമ്മാണം, ICT സാധ്യത | ജൂൺ മുതൽ | ശാസ്ത്ര ക്ലബ്ബ് |

# പ്രവൃത്തി പഠനം

**ആമുഖം**

ശാരീരിക, വൈകാരിക, വൈജ്ഞാനിക മേഖലകളുടെ സംയോജനവും വികാസവും സാധ്യമാക്കുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യവിഷയമാണ് പ്രവൃത്തി പഠനം. വിദ്യാലയത്തിൽ നടക്കുന്ന പഠനപ്രവർത്തനത്തെ സർഗ്ഗാത്മകവും താൽപര്യജനകവുമാക്കുന്നതിനുള്ള ഒരു ഇടപെടൽ പ്രവൃത്തിപരിചയ പഠനത്തിലൂടെ നടക്കുന്നു. ഇതിലൂടെ കുട്ടികളുടെ മാനസികമായ വളർച്ച ഉറപ്പാക്കുന്നതിനും അവരുടെ അഭിരുചികൾ കണ്ടെത്തുന്നതിന് സാധിക്കുകയും ചെയ്യും. ഇതുവഴി കുട്ടികളുടെ ആത്മവിശ്വാസം വർധിക്കുകയും അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുവാൻ കാരണമാവുകയും ചെയ്യും. കൂടാതെ തൊഴിലിനോടും തൊഴിൽ ചെയ്യുന്നവരോടും ആഭിമുഖ്യം ജനിപ്പിക്കുകയും സാമൂഹ്യബന്ധം മെച്ചപ്പെടുത്തുകയും സഹകരണ മനോഭാവം വളർത്തി വ്യക്തിത്വവികസനം സാധ്യമാക്കുകയും ചെയ്യുന്നു.

## പ്രവൃത്തിപഠനത്തിന്റെ ലക്ഷ്യങ്ങൾ

* കുട്ടികളുടെ മാനസികോല്ലാസം
* കുട്ടികളുടെ മാനസിക വളർച്ച
* അസംസ്കൃത വസ്തുക്കൾ, പാഴ്‌വസ്തുക്കൾ തുടങ്ങിയവ കൈകാര്യം ചെയ്യാനുള്ള കഴിവ്.
* തൊഴിൽ സന്നദ്ധത
* സ്വയം പര്യാപ്തത
* സന്തുലിത വ്യക്തിത്വ വികസനം
* സഹകരണ മനോഭാവം വളർത്തുക
* മൂല്യങ്ങളും മനോഭാവങ്ങളും വളരൽ
* മിതവ്യയ ശീലം വളർത്തൽ
* ദേശീയ പുരോഗതി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| സ്കൂൾ പരിസര സൗന്ദര്യവൽകരണവും ചെടികളെയും പൂക്കളെയും പരിചയപ്പെടലും പരിചരണവും | * പൂന്തോട്ടനിർമ്മാണം :<br>1 ക്ലാസടിസ്ഥാനത്തിൽ പ്ലോട്ടുകൾ നൽകി. ചെടികൾ ശേഖരിച്ച് നട്ടുപരിപാലിക്കുന്നതിനുള്ള പരിശീലനം നൽകുക.<br>2 കുട്ടിന് ഒരു പൂച്ചട്ടി പദ്ധതി: ഓരോ ക്ലാസിനു മുമ്പിലും കുട്ടികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ പൂച്ചട്ടി ഒരുക്കൽ, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള ഹാംഗിങ്ങ് ഗാർഡൻ.<br>തുടർപ്രവർത്തനം:<br>* നനയ്ക്കൽ<br>* വളമിടൽ<br>* കളപറയ്ക്കൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകൻ, ക്ലാസ് ലീഡർ, തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ / പി.ടി.എ. എസ്.എസ്.എ. ഫണ്ട് |
| ശലഭങ്ങൾ, തുമ്പികൾ പോലെയുള്ള ഷഡ്പദങ്ങളെ നിരീക്ഷിക്കുന്നതിനുള്ള പാടവം ഉണ്ടാക്കിയെടുക്കുക. | * ശലഭോദ്യാനം:<br>ഒരു ക്ലബ്ബുണ്ടാക്കി പൊതുവായി ഒരു പ്ലോട്ടുണ്ടാക്കി പെട്ടെന്ന് ധാരാളം പൂക്കൾ വിരിയുന്ന ചെടികളേതാണെന്ന് മനസ്സിലാക്കി, ശേഖരിച്ച് നട്ടുപരിപാലിക്കുന്നതിനുള്ള പരിശീലനം നൽകുക.<br>തുടർപ്രവർത്തനങ്ങൾ:<br>* ഉദ്യാനം നനയ്ക്കൽ | ആഗസ്ത് മുതൽ മാർച്ച് വരെ | ക്ലാസ് ലീഡർ, ക്ലബ്ബ് പ്രതിനിധികൾ / പി.ടി.എ. എസ്.എസ്.എ. ഫണ്ട് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | * വളമിടൽ<br>* കളപറിയ്ക്കൽ<br>* ബൈനോക്കുലർ ഉപയോഗിച്ച് നിരീക്ഷിക്കുക<br>* നിരീക്ഷണം രജിസ്റ്ററിൽ രേഖപ്പെടുത്തുക | | |
| കുട്ടികൾക്ക് പരിസ്ഥിതി സൗഹൃദ അന്തരീക്ഷത്തിൽ പഠിക്കുവാനും ജൈവ വൈവിധ്യങ്ങൾ സംരക്ഷിക്കുവാനും സ്കൂൾ കാമ്പസ് സൗന്ദര്യവൽകരിക്കുവാനും | * ജൈവ വൈവിധ്യ ഉദ്യാനം: ഔഷധ സസ്യങ്ങൾ, വിവിധങ്ങളായ പൂച്ചെടികൾ വളർത്തൽ, കളിയുഞ്ഞാൽ, ജൈവകൃഷിയിടം എന്നിവ ഉൾക്കൊള്ളുന്ന ജൈവ പാർക്ക് ഒരുക്കലും പരിപാലനവും വിളവെടുപ്പും.<br>* തുടർപ്രവർത്തനങ്ങൾ:<br>* നനയ്ക്കൽ<br>* വളമിടൽ<br>* കളപറിയ്ക്കൽ<br>* ജൈവവളം ഉണ്ടാക്കൽ, കമ്പോസ്റ്റ് നിർമ്മാണം<br>* ജൈവ കൃഷിയിടത്തിലെ വിളവെടുപ്പ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകൻ, പ്രധാനാധ്യാപകൻ,പി.ടി.എ. , പി.ടി.എ., വിദ്യാർഥികൾ / എസ്.എസ്.എ., പഞ്ചായത്ത്, കൃഷിഓഫീസ് |
| കുട്ടികൾക്ക് ഓരോ ചെടിയുടെയും വളർച്ചയുടെ ഘട്ടങ്ങൾ തരംതിരിച്ച് മനസ്സിലാക്കുക. | * ജൈവവൈവിധ്യ രജിസ്റ്റർ: ഓരോ ക്ലാസിനും പ്രത്യേകം രജിസ്റ്റർ നൽകി ഓരോരുത്തരുടെയും നിരീക്ഷണം രേഖപ്പെടുത്തുക | ആഗസ്ത് മുതൽ മാർച്ച് വരെ | എസ്.എസ്.എ. ഫണ്ട് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടികൾക്ക് മാനസികോല്ലാസവും വ്യക്തിവികാസവും സാധ്യമാക്കുക. ജ്യാമിതീയ രൂപങ്ങളുടെ പഠനം | ഒറിഗാമി, ഇറിഗാമി, തോരണ നിർമ്മാണം, വിവിധങ്ങളായ വർണപേപ്പറുകൾ ഉപയോഗിച്ച് കൊണ്ടുള്ള നിർമ്മാണങ്ങൾ, രൂപങ്ങൾ, അലങ്കാരാവശ്യത്തിനുള്ള തോരണങ്ങൾ (കടലാസ്, ഓല)<br>ഓരോ ക്ലാസിലും പശ, കത്രിക തുടങ്ങിയ ആവശ്യമായ സാമഗ്രികൾ ഉണ്ടായിരിക്കണം | ഒക്ടോബർ മുതൽ ജനുവരി വരെ | സ്പെഷ്യൽ ടീച്ചർ / പി.ടി.എ |
| മാനസികോല്ലാസം, ബുദ്ധിവികാസം, സ്വയം പര്യാപ്തത, അളവുകൾ പരിചയപ്പെടൽ | * എൻവലപ് നിർമ്മാണം:<br>ഒരു എ.ഫോർ പേപ്പർ ഉപയോഗിച്ച് സ്വന്തമായി അളന്ന് വരച്ച് കട്ട് ചെയ്ത് എൻവലപ്പ് കവറുകൾ നിർമ്മിക്കുന്നു. സ്വന്തമായ ആശയങ്ങളുടെ അടിസ്ഥാനത്തിലും. നിശ്ചിത അളവ് എടുത്തുകൊണ്ടും ആശംസാ കാർഡുകൾ നിർമ്മിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. ഇതിലൂടെ അവരുടെ കഴിവുകൾ മനസ്സിലാക്കാൻ സാധിക്കുന്നു.<br>തുടർപ്രവർത്തനം:<br>* മെഡിസിൻ കവർ<br>* വെഡ്ഡിംഗ് കാർഡ് കവർ<br>* ആശംസാ കാർഡുകളുടെ കവർ<br>* മറ്റു പലതരത്തിലുള്ള കവറുകൾ | നവംബർ മുതൽ ഡിസംബർ വരെ | സ്പെഷ്യൽ ടീച്ചർ / പി.ടി.എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടികളുടെ മാനസികോല്ലാസം, ബുദ്ധിവികാസം, സ്വയം പര്യാപ്തതയുടെ അടിത്തറ | പോക്കറ്റ് ഡയറി, ബുക്ക് ബൈന്റിംഗ് നിർമ്മാണം, കട്ടിയുള്ള കടലാസ്, കത്രിക, നൂൽ, സൂചി എന്നിവ ഉപയോഗിച്ച് അളവുകൾ കൃത്യമായെടുത്ത് പേപ്പറുകൾ പരസ്പരം തുന്നിച്ചേർത്ത് ബുക്കുകൾ തയ്യാറാക്കാം. വളരെ ചിലവ് കുറഞ്ഞതും സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതുമാണിത്. പുറം ചട്ടയായി കട്ടിയുള്ള നോട്ടീസുകളോ, ചാർട്ടുകളോ ഉപയോഗിക്കാം.<br>തുടർപ്രവർത്തനം<br>* വിവിധ ആവശ്യങ്ങൾക്കുള്ള ബുക്കുകൾ നിർമ്മിക്കുക. | ഫെബ്രുവരി | സ്പെഷ്യൽ ടീച്ചർ / പി.ടി.എ |
| കുട്ടികളുടെ മാനസികോല്ലാസം, ബുദ്ധി വികാസം, ജ്യാമിതീയ രൂപങ്ങളുടെ പഠനം, സ്വയം പര്യാപ്തതയുടെ അടിത്തറ | * പോക്കറ്റ് ഡയറി, ബുക്ക് ബൈന്റിംഗ് എന്നിവയുടെ നിർമ്മാണം:<br>കട്ടിയുള്ള കടലാസ്, കത്രിക, നൂൽ, സൂചി എന്നിവ ഉപയോഗിച്ച് അളവുകൾ കൃത്യമായെടുത്ത് തുന്നിച്ചേർത്ത് ബുക്കുകൾ തയ്യാറാക്കുക. വളരെ ചെലവ് കുറഞ്ഞതും സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതുമായ പ്രവർത്തനമാണിത്. പുറം ചട്ടയായി കട്ടിയുള്ള നോട്ടീസുകളോ, ചാർട്ടോ ഉപയോഗിക്കാം. | ഫെബ്രുവരി | സ്പെഷ്യൽ ടീച്ചർ / പി.ടി.എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടികൾക്ക് ജൈവ വള നിർമ്മാണത്തെ ക്കുറിച്ച് പഠിക്കാം. ചുറ്റുപാട് മലിനമാകാൻ സാധ്യതയുള്ള ഉപയോഗ ശൂന്യമായ വസ്തുക്കൾ എടുത്ത് എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് മനസ്സിലാക്കുക. | * കമ്പോസ്റ്റ് നിർമ്മാണം: ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള ഒരു കുഴിയെടുത്ത് സ്കൂളിലെ ഭക്ഷണാവശിഷ്ടങ്ങൾപോലെയുള്ളവ നിക്ഷേപിച്ച് നിശ്ചിത ദിവസങ്ങൾക്ക് ശേഷം ഇളക്കി നോക്കിയാൽ നല്ല ജൈവവളമായി മാറും. ഇത് ജൈവ പച്ചക്കറിത്തോട്ടത്തിന് ഉപയോഗിക്കാം. | നവംബർ മുതൽ മാർച്ച് വരെ | സ്പെഷ്യൽ ടീച്ചർ / പി.ടി.എ, ബി.ആർ.സി., പ്രധാനാധ്യാപകൻ |
| സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനെക്കുറിച്ച് ബോധവാന്മാരാക്കുക. | * വെയ്സ്റ്റ് ബിൻ: ജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് വേണ്ടി ക്ലാസടിസ്ഥാനത്തിലോ പൊതുവായ വെയ്സ്റ്റ് ബിൻ നിർമ്മിക്കാം. ഒരു ബക്കറ്റിന്റെയോ, ആകൃതിയുള്ള ഒരു പാത്രത്തിന്റെയോ മുകളിൽ കട്ടിയായി കടലാസ് ഒട്ടിച്ച് ആ പാത്രം ഊരിയെടുക്കുക. വെയ്സ്റ്റ് ബിൻ റെഡി. | ജൂൺ | സ്പെഷ്യൽ ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| സർഗ്ഗാത്മകത കണ്ടെത്തുക, സ്വയം പര്യാപ്തത, തൊഴിലിനോട് ആഭിമുഖ്യം. | * ഫാബ്രിക് പെയിന്റിംഗ്: തുണികളിൽ ഫേബ്രിക് പെയിന്റോ, വെജിറ്റബിൾസോ ഉപയോഗിച്ചുകൊണ്ട് അലങ്കരിക്കുക. ശില്പശാലകൾ നടത്തുക. സന്ദർശിക്കുക. | മാർച്ച് | സ്പെഷ്യൽ ടീച്ചർ |
| സ്വയംപര്യാപ്തതയിലേക്കുള്ള അടിത്തറ തൊഴിലിനോടുള്ള ആഭിമുഖ്യം | * എംബ്രോയിഡറി സ്റ്റിച്ചുകളുടെ പഠനം: തുണികളിൽ വർണ്ണനൂലുകൊണ്ട് വിവിധങ്ങളായ തയ്യലുകൾ തുന്നുന്നതിന് പഠിപ്പിച്ചുകൊടുക്കുന്നു. | ഫെബ്രുവരി | സ്പെഷ്യൽ ടീച്ചർ |
| പോഷക സമൃദ്ധമായ ആഹാരത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും നിർമ്മിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവരെ പ്രാപ്തരാക്കുക. സംസ്കരണത്തെക്കുറിച്ചും മനസ്സിലാക്കുക. | * പോഷക സമൃദ്ധമായ ആഹാരങ്ങൾ പാചകം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ:<br>* സാലഡ് നിർമ്മാണം, ഇലക്കറികളുടെ നിർമ്മാണം, നെല്ലിക്ക, മാങ്ങ എന്നിവ ഉപ്പിലിടുന്നത്, നാരങ്ങ വെള്ളം, ജ്യൂസ് എന്നിവയുടെ നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | സ്പെഷ്യൽ ടീച്ചർ |

# കലാ-കായികം

**ആമുഖം**

സർഗ്ഗാത്മകത, നിരീക്ഷണപാടവം, വ്യതിരിക്തബുദ്ധി തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. പൊതുവിഷയങ്ങൾക്കൊപ്പം കലാപഠനത്തെയും ഉൾപ്പെടുത്തിയാണ് പുതിയ പാഠ്യപദ്ധതി ആവിഷ്കരിച്ചത്. സംഗീതം, നൃത്തം, ചിത്രരചന, ശില്പരചന എന്നീ ഇനങ്ങളിൽ കുട്ടികളുടെ കഴിവുകൾ തിരിച്ചറിയാനും പുഷ്ടിപ്പെടുത്തുവാനും കലാപഠനത്തിൽ കൂടുതൽ ശ്രദ്ധചെലുത്താനും തീരുമാനിച്ചു.

ശാരീരിക-മാനസിക വികാസങ്ങളുടെയും വളർച്ചയുടെയും അടിത്തറ രൂപപ്പെടുന്ന ഘട്ടമാണ് പ്രൈമറി തലം. അതിനാൽ ഈ ഘട്ടത്തിൽ മുഴുവൻ കുട്ടികൾക്കും ആരോഗ്യ-കായിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതിനും, ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുട്ടികളെ മുൻനിരയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനമായി.

**ലക്ഷ്യങ്ങൾ:**

* പഠിതാവിന്റെ നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ
* വിവിധങ്ങളായ കലകളെ അറിയുന്നതിനും കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക.
* കുട്ടിയുടെ ആരോഗ്യ-കായിക വികസന ഘട്ടങ്ങളെ പരിപോഷിപ്പിക്കൽ
* കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പ് വരുത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| പഠിതാവിന്റെ നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ | * ക്ലാസ് സഭ, ബാലസഭ എന്നിവയിൽ നിന്ന് കലാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ. അവർക്ക് പരിശീലനം നൽകി പരിപോഷിപ്പിക്കൽ<br>* കലാഭിരുചിയുള്ള വിദഗ്ധരുടെ ക്ലാസുകൾ നൽകൽ.<br>* ചിത്രരചന, സംഗീതം, നൃത്തം തുടങ്ങി വിവിധങ്ങളായ കലാരൂപങ്ങൾക്ക് പ്രത്യേകം പരിശീലനം നൽകൽ. | 2025 ജൂലൈ മുതൽ | ക്ലബ്ബ് ചാർജുള്ള അധ്യാപകൻ, ക്ലാസ് അധ്യാപകർ, എസ്. ആർ.ജി. കൺവീനർ/പി.ടി.എ. / പ്രധാനാധ്യാപകൻ |
| വിവിധങ്ങളായ കലകളെ അറിയുന്നതിനും കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക. | * പരിശീലനത്തിലൂടെ മെച്ചപ്പെടുന്ന കുട്ടികൾക്ക് കലാമേളകളിൽ പങ്കെടുക്കുന്നതിന് അവസരം നൽകൽ.<br>* ഇഷ്ടപ്പെട്ട മേഖലകൾ തിരഞ്ഞെടുക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുന്നു. അതിലൂടെ അവരുടെ കഴിവുകൾ പരിപോഷിപ്പിക്കാൻ കഴിയുന്നു.<br>* വിദ്യാരംഗം, ബാലസഭ എന്നിവ മാസത്തിൽ രണ്ട് ദിവസം നടത്തൽ. | 2025 ജൂലൈ മുതൽ | ക്ലബ്ബ് ചാർജുള്ള അധ്യാപകൻ, ക്ലാസ് അധ്യാപകർ, എസ്. ആർ.ജി. കൺവീനർ/പി.ടി.എ. / പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടിയുടെ ആരോഗ്യ - കായിക വികസനഘട്ടങ്ങളെ പരിപോഷിപ്പിക്കൽ | * അസംബ്ലിയിൽ കവിത, പ്രസംഗം, ചെറുകഥകൾ തുടങ്ങിയവ അവതരിപ്പിക്കാനവസരം നൽകൽ.<br>* ഗ്രൗണ്ട് നിർമ്മാണം<br>* ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>* ലിസ്റ്റ് ചെയ്ത ഉപകരണങ്ങൾ ലഭ്യമാക്കൽ<br>* കുട്ടികളുടെ കായിക മത്സരങ്ങൾ സ്കൂൾ തലത്തിൽ നടത്തൽ<br>* കുട്ടികൾക്ക് കായിക പരിശീലനം നൽകൽ. മികച്ച കുട്ടികളെ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ.<br>* കായിക പരിശീലനത്തിൽ രക്ഷിതാക്കൾ, പൂർവ്വ വിദ്യാർഥികൾ എന്നിവരെ ഉൾപ്പെടുത്തൽ.<br>* കരാട്ടെ പരിശീലനം | 2018 ജൂലൈ മുതൽ | അധ്യാപകർ/ പി.ടി.എ., സ്പോൺസർഷിപ്പ്. പഞ്ചായത്ത് / കായിക വിദഗ്ധൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടികൾക്ക് പരിസ്ഥിതി സൗഹൃദാന്തരിക്ഷത്തിൽ പഠിക്കുവാനും ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കുവാനും സ്കൂൾ ക്യാമ്പസ് സൗന്ദര്യവൽകരിക്കുവാനും . | 1 ജൈവവൈവിധ്യ പാർക്ക്: പ്രാദേശിക പരിസ്ഥിതി പ്രവർത്തകർ, ജൈവ കർഷകർ, പി.ടി.എ. തുടങ്ങിയവരുടെ കൂട്ടായ്മ രൂപപ്പെടുത്തൽ.<br>2 പൂച്ചെടികൾ ഔഷധസസ്യങ്ങൾ, മുളബെഞ്ചുകൾ, കളിയൂഞ്ഞാൽ, കൃഷിയിടം ഉൾക്കൊള്ളുന്ന ജൈവ പാർക്ക് ഒരുക്കൽ.<br>3 കുട്ടിക്കൊരു പൂച്ചട്ടി പദ്ധതി ഓരോ ക്ലാസിനു മുമ്പിലും കുട്ടികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ പൂച്ചട്ടി ഒരുക്കൽ. പാഴ്വസ്തുക്കളുപയോഗിച്ചുള്ള ഹാംഗിങ് ഗാർഡൻ. | ജൂലൈ<br>ഓഗസ്ത്<br>ജൂൺ | പ്രധാനാധ്യാപകൻ<br>പ്രധാനാധ്യാപകൻ, ഹരിതക്ലബ്ബ്, വിദ്യാലയ വികസന സമിതി / എം.എൽ.എ ഫണ്ട്, പൂർവ്വ വിദ്യാർഥികൾ / കർഷകർ |
| | | | |

**മേഖല: ജൈവ വൈവിധ്യ ഉദ്യാനം**

# ഹരിത പരിസരം

ജൈവവൈവിധ്യങ്ങളുടെ കലവറയാണ് ഭൂമി. മനുഷ്യരാശിയുടെ മുഴുവൻ പഠനങ്ങളും പ്രകൃതിയുമായി ഇടചേർന്ന് കിടക്കുന്നു. പ്രകൃതിയിലെ ഓരോ കാഴ്ചയും മനുഷ്യ മനസുകൾക്ക് കുളിർമ നൽകുന്നവയാണ്. എങ്കിൽ കുട്ടികളുടെ പഠനപ്രവർത്തനങ്ങളിലും എന്തുകൊണ്ട് നമ്മുടെ പ്രകൃതിയെ ഭാഗിയാക്കിക്കൂടാ? ഇതിനുള്ള ഉത്തരമാണ് ജൈവ വൈവിധ്യ ഉദ്യാനം.

ജൈവവൈവിധ്യ ഉദ്യാനം പ്രകൃതിദത്തമായ പഠന സന്ദർഭങ്ങൾ ഒരുക്കിത്തരുന്നു, എന്നാൽ ഒന്നോ, രണ്ടോ വർഷങ്ങൾകൊണ്ട് ഇത് സഫലീകരിക്കുവാൻ സാധിക്കില്ല. ഇന്നേ തുടങ്ങിവെച്ചാൽ വരുംകൊല്ലങ്ങളിൽ ഉപയോഗിക്കാൻ പാകത്തിന് ഇത് സജ്ജമാക്കാൻ കഴിയും. ഈ ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ട് പൂർണമായും സജ്ജമാക്കാൻ കഴിയുന്ന രീതിയിൽ ജൈവ വൈവിധ്യ ഉദ്യാനം 2017-18 അധ്യയനവർഷം തന്നെ ആരംഭിച്ചു.

**ലക്ഷ്യം:**

* കുട്ടികൾക്ക് പരിസ്ഥിതി സൗഹൃദാന്തരീക്ഷത്തിൽ പഠിക്കുവാനും ജൈവ വൈവിധ്യങ്ങൾ സംരക്ഷിക്കുവാനും സ്കൂൾ ക്യാമ്പസ് സൗന്ദര്യവൽകരിക്കുവാനും .

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടികൾക്ക് പരിസ്ഥിതി സൗഹൃദാന്തരീക്ഷത്തിൽ പഠിക്കുവാനും ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കുവാനും സ്കൂൾ ക്യാമ്പസ് സൗന്ദര്യവൽകരിക്കുവാനും . | 1 ജൈവവൈവിധ്യ പാർക്ക്: പ്രാദേശിക പരിസ്ഥിതി പ്രവർത്തകർ, ജൈവ കർഷകർ, പി.ടി.എ. തുടങ്ങിയവരുടെ കൂട്ടായ്മ രൂപപ്പെടുത്തൽ. | ജൂലൈ | പ്രധാനാധ്യാപകൻ |
| | 2 പൂച്ചെടികൾ ഔഷധസസ്യങ്ങൾ, മുളബെഞ്ചുകൾ, കളിയൂഞ്ഞാൽ, കൃഷിയിടം ഉൾക്കൊള്ളുന്ന ജൈവ പാർക്ക് ഒരുക്കൽ. | ഓഗസ്ത് | പ്രധാനാധ്യാപകൻ, ഹരിതക്ലബ്ബ്, വിദ്യാലയ വികസന സമിതി / എം.എൽ.എ ഫണ്ട്, പൂർവ്വ വിദ്യാർഥികൾ / കർഷകർ |
| | 3 കുട്ടിനൊരു പൂച്ചട്ടി പദ്ധതി ഓരോ ക്ലാസിനു മുമ്പിലും കുട്ടികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ പൂച്ചട്ടി ഒരുക്കൽ. പാഴ്‌വസ്തുക്കളുപയോഗിച്ചുള്ള ഹാംഗിങ് ഗാർഡൻ. | ജൂൺ | |
| | | | |

# ക്ലാസ് ലൈബ്രറി

**ആമുഖം**

'വായിച്ചു വളരുക' എന്ന സന്ദേശം ഉൾക്കൊണ്ടു കൊണ്ട് കുട്ടികളിലെ വായനശീലം വളർത്തുക, ലോകസാഹിത്യ ജാലകങ്ങൾ അവർക്കുമുമ്പിൽ തുറക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നത്. ഇതോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുക വഴി പ്രതിഭാധനരായ ഒരു തലമുറയെ വാർത്തെടുക്കാൻ ക്ലാസ് ലൈബ്രറികൾ വഴി സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ലക്ഷ്യം:**

* കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കൽ
* ലൈബ്രറി നവീകരണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കൽ | * ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പുസ്തകം വാങ്ങൽ.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകൃതികൾ ഉൾപ്പെടുത്തൽ<br>* വാതിൽപുറ വായന സജ്ജമാക്കൽ | 2018 ജൂൺ മുതൽ | ക്ലാസ് അധ്യാപകൻ |
| ലൈബ്രറി നവീകരണം | * ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>* ക്ലാസ് തലത്തിൽ ലൈബ്രറി സജ്ജീകരിക്കൽ<br>* നോട്ടീസ് നിർമ്മാണം<br>* ഗൃഹ സന്ദർശനം (നോട്ടീസ് നൽകി ക്ഷണിക്കൽ)<br>* പുസ്തക പയറ്റ് നടത്തൽ * പയറ്റിനോടനുബന്ധിച്ച് സ്കൂൾ കോമ്പൗണ്ടിൽ ബുക്ക് സ്റ്റാൾ ഒരുക്കൽ.<br>* പൂർവ്വ വിദ്യാർഥി, സംഘടനകൾ വിവിധ ക്ലബ്ബുകൾ പൂർവ്വ അധ്യാപകരിൽ നിന്നും ലഭ്യമാക്കൽ. | ജൂലൈ മുതൽ | ലൈബ്രേറിയൻ, എസ്.ആർ.ജി. കൺവീനർ, ക്ലാസ് അധ്യാപകർ / രക്ഷിതാക്കൾ, പൂർവ്വ വിദ്യാർഥികൾ / പ്രധാനാധ്യാപകൻ |

# ദിനാചരണങ്ങൾ

**ആമുഖം**

കുട്ടികളുടെ മാനസികവും ഭൗതികവുമായ വളർച്ച ഏറ്റവും കൂടുതൽ നടക്കുന്നത് പ്രൈമി വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. അതുകൊണ്ടുതന്നെ അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളായിരിക്കണം കുട്ടികൾക്ക് നൽകേണ്ടത്. ക്ലാസ്മുറികളിലെ പഠനത്തോടൊപ്പം വാതിൽപ്പുറ പ്രവർത്തനങ്ങൾ കുട്ടികളുടെ മാനസികവും ശാരീരികവും ഭൗതികപരവുമായ വളർച്ച ലക്ഷ്യമിടുന്നു. ഈ സാക്ഷാത്കരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സവിശേഷ ദിനങ്ങൾ പ്രത്യേകമായി ആചരിക്കുന്നത്.

എല്ലാ ദിനങ്ങൾക്കും അതിന്റേതായ പ്രാധാന്യമുണ്ടെങ്കിലും കുട്ടികളുടെ പ്രായം, സാമൂഹ്യ പശ്ചാത്തലം, ഭൗതിക നിലവാരം തുടങ്ങിയവ പരിഗണിച്ച് ഓരോ മാസത്തിലും പ്രത്യേക ദിനങ്ങൾ തിരഞ്ഞെടുത്ത് ആചരിക്കാൻ തീരുമാനിച്ചു.

ഓരോ മാസത്തിലെയും ദിനങ്ങൾ ഓരോ അധ്യാപകർക്ക് ചുമതല നൽകുകയും നടപ്പിൽവരുത്തുകയും ചെയ്യുന്നു.

**ലക്ഷ്യം**

* ഓരോ ദിനാചരണത്തിന്റെയും പ്രാധാന്യം കുട്ടികൾ മനസ്സിലാക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഓരോ ദിനാചരണത്തിന്റെയും പ്രാധാന്യം കുട്ടികൾ മനസ്സിലാക്കൽ | * അസംബ്ലി: ദിനാചരണവുമായി ബന്ധപ്പെട്ട് ബോധവത്കരണം. കുട്ടികളുടെ കലാപരമായ സാമ്പത്തികമില്ല. കഴിവുകൾ പരിപോഷിപ്പിക്കൽ<br>* റാലികൾ സംഘടിപ്പിക്കൽ: ദിനാചരണവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകൾ വേഷങ്ങൾ മുദ്രാവാക്യങ്ങൾ എന്നിവ ഉൾപ്പെടുത്തി റാലി നടത്തൽ<br>* ക്വിസ് മത്സരം നടത്തൽ<br>മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി നൽകി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മത്സരം നടത്തൽ<br>* ചുമർപത്രിക നിർമാണം. കഴിവുറ്റ രക്ഷിതാക്കൾ, കുട്ടികൾ എന്നിവരുടെ സഹായത്തോടെ ഓരോ ദിനാചരണത്തിന്റെയും ചുമർപത്രിക, ചാർട്ട് നിർമ്മാണം.<br>* വായന ദിനവുമായി ബന്ധപ്പെട്ട വായനാ കുറിപ്പ് മത്സരം സംഘടിപ്പിക്കൽ.<br>* മീഡിയാ പ്രദർശനം: എല്ലാ കുട്ടികൾക്കും അതാത് ദിനവുമായി ബന്ധപ്പെട്ട് വീഡിയോ- ഓഡിയോ എന്നിവ കാണിക്കൽ. ഉദാ: സ്വാതന്ത്ര്യ ദിനം, ശിശുദിനം... | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട്<br><br>ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട്<br><br>ജൂൺ<br><br>ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് | പ്രധാനാധ്യാപകൻ, ക്ലാസ് ടീച്ചർ, / പി.ടി.എ |

# ടാലന്റ് ലാബ്

**ആമുഖം**

ഓരോ കുട്ടിയും വിവിധങ്ങളായ പ്രതിഭകളുടെ കലവറയാണ്. വ്യത്യസ്തമായ മേഖലകളിൽ ഉറങ്ങിക്കിടക്കുന്ന പ്രതിഭകളെക്കണ്ടെത്തി പരിപോഷിപ്പിക്കേണ്ടത് സമൂഹത്തിന്റെ / വിദ്യാലത്തിന്റെ ഉത്തരവാദിത്തമാണ്. സമാന മേഖലകളിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നത് ഏറ്റവും എളുപ്പത്തിൽ സാധ്യമാകുന്നത് വിദ്യാലയങ്ങളിലാണ്. കുട്ടികളുടെ ഭൗതിക വളർച്ചയുടെ ഏറ്റവും പ്രധാന ഘട്ടമാണ് പ്രൈമറി വിദ്യാഭ്യാസ ഘട്ടം. ഈ അവസരത്തിൽ തന്നെ അവ കണ്ടെത്ത് പരിശീലിപ്പിക്കാൻ നമുക്ക് കഴിയണം.

ഓരോ ക്ലാസിലും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ടാലന്റ് ടെസ്റ്റ് നടത്തി കലാ വിദ്യാഭ്യാസം, കായിക മേഖല എന്നിവയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. തുടക്കം എന്ന നിലയിൽ ഈ രണ്ട് മേഖലയിലൂന്നി പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. വരുംവർഷങ്ങളിൽ കൂടുതൽ മേഖലകളിൽ പ്രവർത്തന പരിപാടികൾ നടത്താൻ ആസൂത്രണം ചെയ്തു.

**ലക്ഷ്യം**

* പൊതുവിജ്ഞാനം വർധിപ്പിക്കുക
* സവിശേഷ, മത്സര പരീക്ഷകൾക്ക് സജ്ജരാക്കുക.
* കലാ-കായിക പ്രവൃത്തി പരിചയ മേഖലയിൽ അഭിരുചിയുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക | - ദൈനംദിന ക്ലാസ് തല ക്വിസ് അവതരണം (Daily duty group)<br>- സവിശേഷ ദിനാചരണ ക്വിസ്<br>ക്വിസ് മത്സര ജേതാക്കളെ സബ്ജില്ലാ തലത്തിൽ പങ്കെടുപ്പിക്കുക.<br>- മാധ്യമ വാർത്തകളും ഫോട്ടോകളും സ്വന്തം സർഗ്ഗാത്മക സൃഷ്ടികളും പ്രദർശിപ്പിക്കുന്നു. | 2018 ജൂൺ മുതൽ | ക്ലാസ് അധ്യാപകർ, ക്ലബ്ബ് ചാർജുള്ള അധ്യാപകർ |
| സവിശേഷ, മത്സര പരീക്ഷകൾക്ക് സജ്ജരാക്കുക. ( LSS) | -സവിശേഷ പരിശീലനങ്ങളും മാതൃകാപരീക്ഷകളും നടത്തൽ | ഒക്ടോബർ മുതൽ | ക്ലാസ് അധ്യാപകർ, ബി.ആർ.സി |
| കലാ-കായിക പ്രവൃത്തി പരിചയ മേഖലയിൽ അഭിരുചിയുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കൽ | * അസംബ്ലി വിദ്യാരംഗം ബാലസഭ എന്നിവ മാസാന്തം നടത്തൽ<br>* രചനാ മത്സരങ്ങളിൽ അഭിരുചിയുള്ള / വിദഗ്ധരെ ഉപയോഗിച്ച് പരിശീലനം നൽകൽ<br>* അസംബ്ലി ആഴ്ചയിൽ ഒരു ദിവസം ഉറപ്പാക്കി കുട്ടികൾക്ക് മാക്ഡ്രിൽസ് പരിശീലിപ്പിക്കൽ ഗ്രൗണ്ട് നിർമ്മാണം<br>* കായിക പ്രതിഭകളുടെ സഹായത്തോടെ കായിക താരങ്ങൾക്ക് പരിശീലനം നൽകൽ | ജൂലൈ മുതൽ | ക്ലാസ് അധ്യാപകർ, ക്ലബ്ബ് ചാർജുള്ള അധ്യാപകർ, പ്രധാനാധ്യാപകൻ / പി.ടി.എ |

ഉപമേഖല: ഭിന്നശേഷിക്കാരെ പരിഗണിക്കൽ

# കൈത്താങ്ങ്

**ലക്ഷ്യം**

ഭിന്നശേഷിക്കാരെ മുഖ്യധാരയിലെത്തിക്കുക. ആത്മവിശ്വാസം പകരുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഭിന്ന ശേഷിക്കാരെ മുഖ്യധാരയിലെത്തിക്കുക. ആത്മവിശ്വാസം പകരുക. | * ശാരീരിക-മാനസിക വെല്ലുവിളികൾ അതിജീവിക്കുന്നവരെ പരിചയപ്പെടുത്തുക. ഡോക്യുമെന്ററി പ്രദർശനവും നടത്തുക.<br>* സ്പീച്ച് തെറാപ്പി ആരംഭിക്കുക.<br>* കെയ്സ്സ്റ്റഡി നടത്തൽ. | 2018 ജൂൺ മുതൽ | ബി. ആർ.സി, ഐ.ഇ.ഡി.സി ട്രെയ്നർമാർ, ഹെൽത്ത് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * മൂന്നാം ക്ലാസിലുള്ള കുട്ടികൾക്ക് പ്രീടെസ്റ്റ് നടത്തൽ<br>* കുട്ടികളെ ലിസ്റ്റ് ചെയ്യൽ<br>* വിഷയാടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസ് നൽകൽ<br>* ഓരോ ആഴ്ചയിലും മൂല്യനിർണയം നടത്തൽ<br>* രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തൽ<br>* വിദഗ്ദരുടെ ക്ലാസുകൾ നൽകൽ<br>* കഴിവുള്ള രക്ഷിതാക്കളുടെ ക്ലാസുകൾ നൽകൽ<br>* ശ്രദ്ധ തുടർച്ച | ജൂൺ മുതൽ<br><br>ജൂലൈ | അധ്യാപകൻ, എസ്.ആർ.ജി കൺവീനർ / അധ്യാപകർ, സ്പോൺസർഷിപ്പ് /എച്ച്.എം |

ഉപമേഖല: ഗോത്രവർഗ്ഗശാക്തീകരണം

# ഒപ്പം ഒപ്പത്തിനൊപ്പം

**ആമുഖം**

വിദ്യാലയത്തിൽ പഠിക്കുന്ന മുന്നിലൊന്ന് കുട്ടികൾ ആദിവാസി പിന്നോക്ക വിഭാഗക്കാരാണ്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഗോത്രവർഗ്ഗ വിദ്യാർഥികൾ പഠിക്കുന്ന സ്ഥാപനമാണ് ഇത്. ഇവരുടെ വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യ ഉന്നമനത്തിന് വേണ്ടി 'ഒപ്പം ഒപ്പത്തിനൊപ്പം' എന്ന പ്രവർത്തനം നടപ്പിലാക്കാൻ എസ്.ആർ.ജി.യിൽ തീരുമാനിച്ചു.

## ലക്ഷ്യങ്ങൾ:

* പഠനപിന്നോക്കാവസ്ഥയിലുള്ള ഗോത്രവർഗ്ഗ കുട്ടികളുടെ മുന്നേറ്റം
* സാമൂഹിക മുന്നേറ്റം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| പഠനപിന്നോക്കാവസ്ഥയിലുള്ള ഗോത്രവർഗ്ഗ കുട്ടികളുടെ മുന്നേറ്റം | * ഗോത്രസാരഥി:<br>നിലവിൽ നടന്നുവരുന്ന കുട്ടികളെ സ്കൂളിൽ എത്തിക്കാനും തിരിച്ച് വീട്ടിലെത്തിക്കാനുമായി നടത്തുന്ന വാഹന സൗകര്യമൊരുക്കൽ.<br>* പ്രഭാതഭക്ഷണം:<br>നിലവിൽ മിക്ക കുട്ടികളും പ്രാതൽ കഴിക്കാതെ വരുന്നവരാണ്. ഇവർക്കായി പ്രതിദിനം നടത്തിവരുന്ന ചായ വിതരണം നടത്തുന്നു. | 2025 ജൂൺ മുതൽ | കേരള സർക്കാർ, പ്രധാനാധ്യാപകൻ |
| സാമൂഹിക മുന്നേറ്റം | * സഹവാസ ക്യാമ്പ്:<br>ഗോത്രവർഗ്ഗക്കാർക്ക് മാത്രമായി സഹവാസ ക്യാമ്പ് ഒരുക്കൽ. ക്യാമ്പിനോടനുബന്ധിച്ച് വിവിധ ക്ലാസുകൾ നൽകൽ. ആടാനും പാടാനുമുള്ള അവസരം നൽകൽ.<br>* ബോധവത്കരണക്ലാസ്:<br>കുട്ടികളുടെ പഠനപിന്നോക്കാവസ്ഥയിൽ രക്ഷിതാക്കൾക്കുള്ള പങ്ക്, ആരോഗ്യ പരിപാലനം തുടങ്ങി വിവിധ ക്ലാസുകൾ നൽകൽ.<br>* ഗൃഹസന്ദർശനം:<br>മാസത്തിൽ ഒരു പ്രാവശ്യം കോളനികൾ സന്ദർശിക്കൽ, സിപിടിഎ. ഓരോ കോളനി കേന്ദ്രീകരിച്ച് നടത്തൽ. | 2025 ജൂൺ മുതൽ | അധ്യാപകർ, പ്രധാനാധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | * കോളനിക്കാരോടൊപ്പം ആഘോഷങ്ങൾ നടത്തൽ<br>* ഗോത്രകലകൾ സ്കൂൾ കലാമേളയിൽ ഉൾപെടുത്തൽ<br>* ആദിവാസികളുടെ കുലത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കൽ<br>* നിർമ്മാണ വിദഗ്ധരുടെ പരിശീലനം കുട്ടികൾക്ക് നൽകൽ, വിദ്യാർഥികളെ മേളകളിൽ പങ്കെടുപ്പിക്കൽ<br>* ഫീൽഡ് ട്രിപ്പ്:<br>കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട പഠന സാധ്യത ഉറപ്പുവരുത്തുന്ന തരത്തിലുള്ള ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.<br>* പഠനവീട്:<br>സ്കൂൾ സമയം അല്ലാതെ അവധി ദിനങ്ങളിലും മറ്റും കോളനികൾ കേന്ദ്രീകരിച്ച് ക്ലാസുകൾ സംഘടിപ്പിക്കൽ<br>* കയ്യിലൊതുക്കാം നക്ഷത്രങ്ങൾ:<br>ക്ലാസിൽ സ്റ്റാർ ബോർഡ് നിർമ്മിക്കുക. ഓരോ കുട്ടിയും ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് സ്റ്റാർ നൽകി പഠനത്തിൽ താൽപര്യം ഉണർത്തൽ | 2018 ജൂൺ മുതൽ | അധ്യാപകർ, പ്രധാനാധ്യാപകർ |

| | | | |
|---|---|---|---|
| **ഉപമേഖല: നൂതനമായ ആശയങ്ങൾ**<br><br>**ലക്ഷ്യം**<br><br>സാങ്കേതികപരമായും സാമൂഹികപരമായും സാംസ്കാരികപരമായും കുട്ടിയെ ഉന്നതനിലവാരത്തിൽ എത്തിക്കൽ | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| സാങ്കേതികപരമായും സാമൂഹികപരമായും സാംസ്കാരികപരമായും കുട്ടിയെ ഉന്നതനിലവാരത്തിൽ എത്തിക്കൽ | * ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ക്ലാസ് തലത്തിൽ പാഠ്യേതരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>* ഐ.സി.ടി സാധ്യത മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സ്മാർട്ട് ക്ലാസുകൾ സജ്ജീകരിക്കൽ<br>* പത്രവാർത്ത: എല്ലാ ദിവസവും ഉച്ചക്ക് മുൻകൂട്ടി നിശ്ചയിച്ച കുട്ടികൾ പത്രവാർത്ത വായന നടത്തൽ<br>* കുട്ടികൾക്ക് മൂല്യങ്ങളും മനോഭാവങ്ങളും വളർത്താൻ വേണ്ടി ക്ലാസുകൾ സംഘടിപ്പിക്കൽ<br>* ഹോസ്പിറ്റൽ, വൃദ്ധസദനങ്ങൾ, കോളനികൾ എന്നിവ സന്ദർശിക്കൽ<br>* കുട്ടികളുടെ ആകാശവാണി വാർത്തകൾ ഓരോ ക്ലാസുകളിലും പ്രക്ഷേപണം ചെയ്യു | 2018 ജൂൺ മുതൽ | എച്ച്.എം / പിടിഎ, എംപിടിഎ<br><br>പഞ്ചായത്ത്<br><br>ചുമതലപ്പെട്ട അധ്യാപകർ വിദ്യാർത്ഥികൾ<br><br>എസ്.എസ്.ജി, ടീച്ചേഴ്സ്/ സ്പോൺസർഷിപ്പ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | ന്നതിനും കുട്ടികളുടെ കലാഭിരുചി വളർത്തുന്നതിനുമുതകുന്ന തരത്തിൽ വിദ്യാരംഗം കലാസാഹിത്യവേദികളിൽ മികച്ചുനിൽക്കുന്ന കുട്ടികൾ കവിത, ചെറുകഥകൾ, ഗാനങ്ങൾ എന്നിവ അവതരണം നടത്തൽ<br>* സി.പി.ടി.എ എല്ലാവർക്കും പങ്കെടുക്കാൻ ഓരോ പ്രദേശത്ത് നടത്തൽ<br>* ആകാശവാണി നിലയം ഒരുക്കൽ.<br>* കുട്ടികളുടെ ലീഡർഷിപ്പ് തികച്ചും പാർലമെന്ററി സിസ്റ്റത്തിലേക്ക് മാറ്റൽ(സ്കൂൾ ലീഡർ, ക്ലാസ് ലീഡർ<br>* ഏറ്റവും നല്ല അമ്മയെ കണ്ടെത്തൽ | | |

**ഉപമേഖല: സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ**

# ഒരുമ

ആമുഖം

ഒരു വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികപരവും സാമൂഹ്യപരവുമായ മുന്നേറ്റത്തിന് സാമൂഹ്യ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഈ ആശയത്തിലൂന്നി അധ്യാപകരും പി.ടി.എ.യും വിദ്യാഭ്യാസത്തിൽ തല്പരരായ പൂർവ്വവിദ്യാർഥികളും ചേർന്ന് ഉറപ്പ് വരുത്തേണ്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുകയും നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

ലക്ഷ്യം

വിദ്യാലയത്തിന്റെ അക്കാദമികപരമായ മുന്നേറ്റം ഉറപ്പാക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| വിദ്യാലയത്തിന്റെ അക്കാദമികപരമായ മുന്നേറ്റം ഉറപ്പാക്കൽ | * ഒരുക്കം: സ്കൂൾ ആരംഭത്തിന്റെ മുന്നോടിയായി ഒരുക്കം പദ്ധതിയുടെ ഭാഗമായി എസ്.എസ്.ജി അംഗങ്ങൾ, പൂർവവിദ്യാർത്ഥികൾ, പൂർവഅധ്യാപകന്മാർ എന്നിവരെഉൾപെടുത്തൽ<br>* പ്രവേശനോത്സവം വിദ്യാഭ്യാസ വർഷാരംഭത്തിൽ പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് നാട്ടിലെ പൂർവവിദ്യാർത്ഥികൾ, മാനേജ്മെന്റ്, രക്ഷിതാക്കൾ മറ്റു പൗരപ്രമുഖർ എന്നിവരുടെ പങ്കാളിത്തത്തോടെ നവാഗതരെ സ്വീകരിക്കലും വിവിധ കലാപരിപാടികളിൽ ഉൾപെടുത്തലും. | ഏപ്രിൽ, മെയ്<br><br>ജൂൺ | എച്ച്.എം, എസ്.എസ്.ജി, എസ്.ആർ.ജി. പിടിഎ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | * പി.ടി.എ ജനറൽ ബോഡി വിദ്യാർത്ഥികൾ മുഖേനയും പി.ടി.എ എക്സിക്യൂട്ടീവ് മുഖേനയും നോട്ടീസ് നൽകി മീറ്റിംഗ് സംഘടിപ്പിക്കുന്നു. റിപ്പോർട്ട് അവതരണം പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കൽ വാർഷിക പദ്ധതി അവതരണം കൂട്ടിച്ചേർക്കലുകൾ നടത്തൽ ചായ വിതരണം.<br>* ദിനാചരണങ്ങൾ: ദിനാചരണവുമായി ബന്ധപ്പെട്ട് റാലി, ക്വിസ് മത്സരം, പ്ലക്കാർഡ് നിർമാണം, ചുമർപത്രിക പോസ്റ്റർ നിർമാണം തുടങ്ങിയവയ്ക്ക് സന്നദ്ധമനോഭാവമുള്ളവരെയും പൂർവവിദ്യാർത്ഥികളെയും പങ്കെടുപ്പിക്കൽ. വാർഡ് മെമ്പർമാരെ ഉൾപ്പെടുത്തൽ<br>* ഉച്ചഭക്ഷണം, പ്രാതൽ എന്നിവയിൽ പങ്കാളിത്തം ഉച്ചഭക്ഷണത്തിൽ ചേരുവകൾ നൽകിയും പാകം ചെയ്യുന്നതിൽ സഹായിക്കുകയും ചെയ്യൽ<br>* എൽ.എസ്.എസ് ശാക്തീകരണം: വിദ്യാസമ്പന്നരായ പൂർവവിദ്യാർത്ഥികൾ, കഴിവുറ്റ രക്ഷിതാക്കൾ, പൂർവഅ | ജൂൺ<br><br>2025 ജൂൺ മുതൽ | എച്ച്.എം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | അധ്യാപകന്മാർ എന്നിവരുടെ സഹകരണത്തോടെ ക്ലാസുകൾ സംഘടിപ്പിക്കൽ<br>* പച്ചക്കറിത്തോട്ടനിർമാണം: നിലമൊരുക്കൽ, ജൈവ വേലി നിർമാണം, വളം നൽകൽ, വിളവെടുപ്പ് തുടങ്ങിയവയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>* സ്കൂൾ വാർഷികം, കലാമേള:<br>ഗൃഹസന്ദർശനം, ക്ഷണിക്കൽ.കലാഭിരുചിയുള്ള വരെ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് ചിത്രരചന, സംഗീതം, ഡാൻസ് എന്നിവയ്ക്ക് പരിശീലനം നൽകൽ. വാർഷികസംഘാടനത്തിന് രക്ഷിതാക്കളെയും പൂർവവിദ്യാർത്ഥികളെയും ഉപയോഗപ്പെടുത്തൽ. കുട്ടികളുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് സർഗചുമർ നിർമാണം(ജനുവരി)<br>* സ്കൂൾ കായികമേള: കായികതാരങ്ങളായ പൂർവവിദ്യാർത്ഥികളുടെ സഹായത്തോടെ കായികപരിശീലനം നൽകൽ, അടുത്ത സ്കൂൾ ഗ്രൗണ്ടുകൾ ഉപയോഗപ്പെടുത്തൽ | ആഗസ്റ്റ്<br><br>2025 ജൂൺ മുതൽ | എച്ച്.എം, ക്ലബ്ബ് അംഗങ്ങൾ, ക്ലബ്ബ് ചുമതലയുള്ള അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
| --- | --- | --- | --- |
| | * എക്സിബിഷൻ: ഗണിതമേള, ശാസ്ത്രമേള, പ്രവൃത്തി പരിചയ മേള, തുടങ്ങിയവയിൽ സന്നദ്ധരും കഴിവുറ്റവരെയും ഉൾപെടുത്തി മാതൃകകളും ഉപകരണങ്ങളും നിർമിക്കുക.<br>* ക്യാമ്പുകൾ സംഘടിപ്പിക്കുക:<br>മറ്റു സ്കൂളിലെ കുട്ടികളെയും പങ്കെടുപ്പിച്ച് സഹവാസ ക്യാമ്പ് നടത്തൽ, വാനനിരീക്ഷണം, കവിയരങ്ങ്, ഒറിഗാമി, ഗാനമേള, നാടകം, ആദിവാസികലകൾ<br><br>* ആഘോഷങ്ങളിൽ രക്ഷിതാക്കൾ, പൂർവവിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ<br><br>* ജൈവവൈവിദ്യ ഉദ്യാനം നിർമാണം ഉദ്യാനനിർമാണത്തിന് പ്രാദേശികപരിസ്ഥിതി പ്രവർത്തകർ, ജൈവകർഷകർ, പിടിഎ തുടങ്ങിയവരുടെ കൂട്ടായ്മ രൂപപ്പെടുത്തസ്. പൂച്ചെടികൾ, ഔഷധസസ്യങ്ങൾ എന്നിവ ശേഖരിക്കൽ, ഉദ്യാനം ഒരുക്കൽ. | ഡിസംബർ മുതൽ | നിക്കോ ക്ലബ്ബ്, പിടിഎ, എസ്.എസ്.ജി<br><br>പൂർവവിദ്യാർത്ഥികൾ, അധ്യാപകർ(പിടിഎ ഫണ്ട്) |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | പച്ചക്കറിത്തോട്ടം ശാക്തീകരിക്കൽ ജൈവമാലിന്യങ്ങൾക്കും പ്ലാസ്റ്റിക് മാലിന്യങ്ങൾക്കും പ്രത്യേകം കുഴി നിർമാണം<br>* പഠനം സുഗമമാക്കാൻ ക്ലാസ് മുറികൾ ഭിത്തികളുപയോഗിച്ച് വേർതിരിക്കൽ<br>* ശാരീരിക വൈകല്യമുള്ളവർക്ക് റാംപ് നിർമാണം<br>* ഐ.സി.ടി. സാധ്യത എല്ലാ വിദ്യാർത്ഥികളിലുമെത്തിക്കാൻ സ്മാർട്ട് ക്ലാസ് മുറികൾ വർദ്ധിപ്പിക്കൽ. ഓരോ ക്ലാസ് അധ്യാപകർക്കും ലാപ്ടോപ്പ് വാങ്ങൽ<br>* സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ സമാഹരിക്കാൻ വേണ്ടി ബാങ്കുകൾ, സ്ഥാപനങ്ങൾ, ക്ലബ്ബുകൾ എന്നിവയുടെ സഹായം ഉറപ്പുവരുത്തൽ ഉദാഹരണം: ലാന്റ് മാർക്ക്, സുബ്ബസി ഫൈസ് ബുക്ക് ഗ്രൂപ്പ്, കോ ഓർപ്പറേറ്റീവ് ബാങ്ക്, വികോ ക്ലബ്<br>* കുട്ടികളുടെ ആരോഗ്യപരിപാലനത്തിനുവേണ്ടി ക്യാമ്പുകൾ നടത്തൽ. ഉദാ: ആരോഗ്യസംരക്ഷണം, നേത്രപരി | | എച്ച്.എം./ അധ്യാപകർ, പിടിഎ, മാനേജ്മെന്റ്, എംഎൽഎ ഫണ്ട്<br><br>ലാന്റ് മാർക്ക്, നിക്കി ക്ലബ്, |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | ശോധന, കുട്ടികളിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ പരിഹരിക്കാൻ വേണ്ടി.<br>* വാതിൽപുറ വായനക്കുവേണ്ടി ഓരോ മരങ്ങൾക്കും ഇരിപ്പിടങ്ങൾ നിർമിച്ച് ആകർഷകമാക്കുകയും കുട്ടികൾക്ക് വായനയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ<br>* സ്കൂൾ ക്യാച്ച്മെന്റ് ഏരിയയിലെ സ്പോർസ്, ആർട്സ്, ഡ്രോവിംഗ്, വർക്ക് എക്സ്പീരിയൻസ് , അഗ്രികൾച്ചർ എന്നിവയിൽ പ്രഗത്ഭരായവരെയും പൂർവവിദ്യാർത്ഥികളെയും കണ്ടെത്തി അവരുടെ സേവനം കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉപയോഗപ്പെടുത്തുക.<br>* പൂർവവിദ്യാർത്ഥികളെ ഉൾപെടുത്തിക്കൊണ്ട് സ്കൂൾ അക്കാദമിക നിലവാരം ഉയർത്തുന്ന തരത്തിലുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ(എൽ.എസ്.എസ്, പഠനമീറ്റ്)<br>* പൂർവഅധ്യാപകരെ ഉൾപെടുത്തിക്കൊണ്ട് സ്കൂൾ നവീകരണം, പഠനശാക്തീകര | | ആരോഗ്യവകുപ്പ്, ലയൺസ് ക്ലബ്<br><br>എച്ച്. എം. / സ്പോൺസർഷിപ്പ്<br><br>എച്ച്. എം. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം / മോണിറ്ററിംഗ് |
|---|---|---|---|
| | ണം, മികച്ച വിദ്യാർത്ഥികൾക്ക് പൂർവഅധ്യാപകരുടെപേരിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തൽ. | | എച്ച്. എം./ പൂർവഅധ്യാപകർ |
| | * ഐസിടി സാധ്യത കുട്ടികളിലെത്തിക്കാൻ അമ്മമാർക്ക് സ്കൂളിന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ സാക്ഷരത, കമ്പ്യൂട്ടർ, ലാപ്ടോപ്പ് തുടങ്ങിയവയും സ്പോൺസർ ചെയ്യിപ്പിക്കൽ | | |
| | * കുട്ടികൾക്ക് ട്രാഫിക് നിയമങ്ങളിൽ അവബോധം വളർത്താൻ ട്രാഫിക് പോലീസിന്റെ ക്ലാസുകൾ സംഘടിപ്പിക്കൽ | | എച്ച്. എം./ പി. ടി.എ / ട്രാഫിക് പോലീസ് |
| | * ഗൃഹസന്ദർശനം: എസ്എസ്ജി അംഗങ്ങൾ, സിപിടിഎ അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ ഗൃഹസന്ദർശനം നടത്തൽ | | |
| | * വാട്സാപ്പ് കൂട്ടായ്മ രൂപീകരിക്കൽ. | | എച്ച്.എം പിടിഎ, എസ്. ആർജി, ടീച്ചേഴ്സ |
| | 1* മഴക്കുഴി നിർമാണം: രക്ഷിതാക്കളുടെ സഹായസഹകരണത്തോടെ സ്കൂൾ വളപ്പിൽ മഴക്കുഴി നിർമാണം, മഴക്കുഴിയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കൽ | | |